T61
T37

To. Rev. Dr. A. Nambiaparambil

✝ Fr. Herman. O.C.D.

നാകത്തെ നായ

THE HOUND OF HEAVEN

By
FRANCIS THOMPSON

കൻ

ഫാദർ ഹെർമൻ, ഒ. സി. ഡി.

(രണ്ടാം പതിപ്പ്)

DHARMARAM COLLEGE LIBRARY BANGALORE
34294

1964

വില 0.75

Nihil Obstat:

Fr. Tarsicius of the Bl. Sacrament, O. C. D.

Trivandrum,
11-3-1959.

Fr. Ephrem of Mary Immaculate, O. C. D.

Trivandrum,
11-3-1959.

Imprimi Potest:

Fr. Eliseus of the Sacred Heart of Jesus, O. C. D.
Vic. Provincial

Trivandrum,
13-3-1959.

Re-Imprimatur:

† **Peter Bernard Pereira, D. D.**
Bp. Auxiliary of Trivandrum

Trivandrum,
10-11-1963.

കവർചിത്രം

ചെന്നിറത്തുടിപ്പോടെ
ചെന്നു വാരിധി തന്നിൽ
ചേർന്നിടും വാനിൻ ഹൃത്തോ-
ടെന്നുടെ ഹൃദയവും....

ഒന്നാം പതിപ്പിൻെറ ആമുഖം

അങ്ങനെ ആ കാവ്യത്തിൻെറ ഭാഷാവിവൎത്തനം പുസ്തകരൂപത്തിൽ പുറത്തുവരികയാണിപ്പോൾ. ആ വിവൎത്തനകഥയ്ക്കും അതിലെ ഇതിവൃത്തത്തോടു കുറച്ചു സാമ്യമുണ്ടു്.

ഏകദേശം മുപ്പതുവർഷങ്ങൾക്കു മുമ്പാണു് ഇങ്ങനെ ഒരു കാവ്യമുണ്ടെന്നും അതു മലയാളത്തിലെഴുതിക്കണ്ടാൽ കൊള്ളാമെന്നും ഒരു സ്നേഹിതൻ എന്നോടു പറഞ്ഞതു്. അദ്ദേഹത്തിൻെറ ആ താല്പര്യം ഘനീഭവിച്ചു പ്രേരണയുടെയും പ്രോത്സാഹനത്തിൻെറയും നിർബന്ധത്തിൻെറയും രൂപം പൂണ്ടു വേറൊരു വന്ദ്യസുഹൃത്തുവഴി പ്രത്യക്ഷപ്പെടുവാൻ പിന്നെ ഇരുപതു വർഷത്തോളം വേണ്ടിവന്നു. ആ നിർബന്ധത്തിൻെറ പിടിയിൽ കുടുങ്ങി മൂന്നു വർഷത്തോളം തുടൎന്ന ദ്വന്ദയുദ്ധം, "ശൂന്യം! അയ്യോ! ശൂന്യം!!" എന്നു ചെന്നവസാനിച്ചു.

അപ്പോൾ അവിടെയും പ്രത്യക്ഷപ്പെട്ടു ഒരു പത്രാധിപർ. ദയനീയമായ ആ ശൂന്യാവസ്ഥ 'ത്രികലാനേത്രനായ' അദ്ദേഹത്തിൻെറ അനുകമ്പയ്ക്കു വിഷയമായി. വെട്ടിയും കുത്തിയും കൂട്ടിയും കുറച്ചും മാററിയും മറിച്ചുമെല്ലാം അദ്ദേഹം നിർവഹിച്ച ഏതാനും ശസ്ത്രക്രിയകളുടെ ഫലമായി വല്ലവരെയും കാണിക്കാൻ കൊള്ളാവുന്ന ഒരു നില അതിനുണ്ടായി. അങ്ങനെയാണു് ഈ 'നാകത്തെ നായ' "ഭീകരസുഹൃത്തു്" എന്ന പേരിൽ 1952–ൽ 'ജയഭാരതം' മാസികയിൽ പ്രത്യക്ഷപ്പെട്ടതു്.

മാസികയുടെ പല ലക്കങ്ങളിലായി ചിതറിക്കിടന്ന കാവ്യഭാഗങ്ങൾ ഒന്നായി പുസ്തകരൂപത്തിൽ കിട്ടിയാൽ കൊള്ളാമെന്നു് അന്നുമുതൽ പലരും താല്പര്യപ്പെട്ടിരുന്നു. അതിനിടയിൽ കുററങ്ങളും കുറവുകളും ചൂണ്ടിക്കാണിച്ചും പരിഷ്കരണത്തിനു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകിയും സഹായിച്ചിട്ടുള്ള സുഹൃത്തുക്കളോരോരുത്തൎക്കും തങ്ങളുടെ സ്മാരകമുദ്രകൾ ഇതിൻെറ മിക്ക വരികളിലും

ഒളിഞ്ഞുകിടക്കുന്നതു കണ്ടറിയാവുന്നതാണ്. അങ്ങനെ സാവധാനത്തിൽ തയാറാക്കിയ അവസാനത്തെ കൈയ്യെഴുത്തുപ്രതി മേലധികാരികളുടെ അനുഭാവത്തിനും അഭിനന്ദനത്തിനും വിഷയമായതിൻെറ ഫലമാണ് ഈ പ്രസിദ്ധീകരണം.

ഇത്രയേറെക്കാലത്തെ സാവകാശമായ പരിഷ്കരണത്തിനുശേഷവും ഇതു സംപൂർണ്ണമാണെന്നു ഞാൻ ഭാവിക്കുന്നില്ല. പുസ്തകരൂപത്തിലുള്ള ഈ ഒന്നാം പതിപ്പുകൊണ്ട് അനുവാചകരിൽ നിന്നു് വിമശ്നങ്ങളും ഉപരി പരിഷ്കരണത്തിനുതകുന്ന നിർദ്ദേശങ്ങളും ക്ഷണിക്കുവാനാണ് പ്രധാനമായി ഞാനുദ്ദേശിക്കുന്നതു്. താരതമ്യപഠനത്തിനുവേണ്ടി മൂലകാവ്യംകൂടെ ഇതിൽ ചേർത്തിരിക്കുന്നു. വിവൎത്തനവും മൂലവും തമ്മിൽ കാണാവുന്ന ചേർച്ചയും അകൽച്ചയും, ഏററവും കുറച്ചിലും, മാററവും മറിച്ചിലുമെല്ലാം എന്തുമാത്രം അനുവദനീയമെന്നും ആദരണീയമെന്നുമൊക്കെ ആക്കും നിൎണ്ണയിക്കാമല്ലോ.

പ്രൗഢഗംഭീരമായ മൂലകാവ്യത്തിൻെറ ചില വിശദാംശങ്ങളിലെ അസ്പഷ്ടത വ്യാഖ്യാതാക്കളുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങൾക്കു കാരണമായിട്ടുണ്ട്. 1947 ഒക്ടോബർ 5—ാം തീയതിയിലെ New Leader, Madras വാരിക പ്രസിദ്ധം ചെയ്തിരുന്ന വ്യാഖ്യാനമാണ് ഈ വിവൎത്തനത്തിൻെറ മുഖ്യമായ ആധാരം. അഭിപ്രായഭേദങ്ങളിൽ താല്പര്യമുള്ളവരെ ഉദ്ദേശിച്ചു് ഒരു ഗ്രന്ഥസൂചിയും ഇതിൽ ചേൎത്തിട്ടുണ്ട്.

ഈ പ്രസിദ്ധീകരണത്തിൻെറ ആവിർഭാവത്തിനു സഹകരിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കൾക്കും ഞാൻ ഹൃദയപൂൎവ്വം നന്ദിപറയുന്നു. സമുചിതമായ ഒരവതാരികകൊണ്ട് മററെല്ലാവരുടെയും സഹകരണങ്ങൾക്കു മകുടം ചാർത്തിയ കേരള സൎവ്വകലാശാലയുടെ നിഘണ്ടുനിൎമ്മാണവകുപ്പദ്ധ്യക്ഷൻ ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള, എം. ഏ. അവർകളുടെ നേൎക്കു് എനിക്കുള്ള കൃതജ്ഞത നിസ്സീമമാ

ണ്. അദ്ദേഹം സൂചിപ്പിക്കുന്നതുപോലെ നാസ്തികതയിലേക്കു ചായ്‌വുള്ള നമ്മുടെ ഈ കാലത്ത് ഈ കാവ്യത്തിലെ സന്ദേശം ആക്കെങ്കിലും പ്രയോജനപ്പെട്ടന്നെങ്കിൽ ഞാൻ കൃതാൎത്ഥനായി. അനുഭാവികളായ അഭ്യുദയകാംക്ഷികാംകും അനുവാചകരേവക്കും എൻെറ വിനീതമായ കൂപ്പുകൈ!

ഫാദർ ഹെർമാൻ, ഒ. സി. ഡി.

തിരുവനന്തപുരം,
11—5—1959.

അവതാരിക

‘നാകത്തെ നായ’ എന്ന പേരിൽ ഫാദർ ഹെർമാൻ നമുക്ക സംഭാവന ചെയ്യുന്ന ഈ മനോഹര ലഘുകാവ്യം The Hound of Heaven എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധമായ ഒരു ലഘുകവിതയുടെ ഭാഷാനുവാദമാണു്. പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലും ഇരുപതാം നൂററാണ്ടിൻെറ ആദിഘട്ടത്തിലും (1859--1907) ആയി ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഫ്റാൻസിസ് തോംപ്സൻ ആണു് മൂലകൃതിയുടെ കർത്താവു്. തോംപ്സനെപ്പററി ഫാദർ ഹെർമാൻ ഒരു ഉപന്യാസം ഈ കൃതിയുടെ ആരംഭത്തിൽ ചേർത്തിട്ടുള്ളതുകൊണ്ടു് ഇവിടെ ആവർത്തിച്ചു പറയേണ്ടതില്ല. ദാരിദ്ര്യത്തിലും കഷ്ടതയിലും വളരെനാൾ കഴിച്ചിട്ടും സ്വാനുഗ്രഹദാതാവായ സ്വർഗ്ഗീയ പിതാവിൻെറ കാരുണ്യത്താൽ വിശ്വാസം നഷ്ടപ്പെടാത്ത ഒരു ശുദ്ധാത്മാവിൻെറ അനുഭൂതികളാണു് ഈ കവിതയുടെ സാരാംശം. മാറാതെ മനുഷ്യനെ പിന്തുടരുന്ന പരാശക്തിയെ ഒരു വേട്ടപ്പട്ടിയെപ്പോലെ കല്പിച്ച കവിയുടെ ഭാവന അദ്ദേഹത്തിൻെറ ജീവിതക്ലേശങ്ങളെപ്പററി ഓർക്കുമ്പോൾ സമുചിതമായി എന്നു നിശ്ചയമായും സമ്മതിക്കാം. ക്രൂരമെന്നു തോന്നാവുന്ന ദൈവശക്തിയുടെ പിടിയിൽ നിന്നു രക്ഷപ്പെടാൻ വെമ്പുന്ന ഏതു മനുഷ്യൻെറ ജീവിതകഥയും ഒരു വേട്ടപ്പട്ടി പിന്തുടരുന്ന സാധുമൃഗത്തിൻെറ ചിത്രം തന്നെ നമ്മുടെ മനസ്സിൽ കൊണ്ടുവരും. എന്നാൽ ആ ദൈവശക്തി മനുഷ്യനെ ഹിംസിക്കാനല്ല, നേരേമറിച്ചു് അനുഗ്രഹിക്കാനാണു്, അനുധാവനം ചെയ്യുന്നതു് എന്ന അംശത്തിലാണു വ്യാഖ്യാനം വേണ്ടിവരുന്നതു്. ജീവിതത്തിൽ നമ്മെ അലട്ടുന്ന സകല ദുഃഖാനുഭവങ്ങളും പരിണാമത്തിൽ നമുക്കു് അനുഗ്രഹപ്രദമാണെന്നുള്ള വസ്തുതയാണു് ഗൂഢാത്ഥഭാഷയിൽ കവി ഇവിടെ ആവിഷ്കരിക്കുന്നതു്. എങ്കിലും ദൈവശക്തി

യെ വേട്ടപ്പട്ടിയാക്കി കല്പിച്ച കവി ദുസ്സഹമായ ജീവിതാനുഭവങ്ങളെ ദുഃഖപൂർവ്വം സ്മരിക്കുന്നതായി കരുതണം. ദൈവാനുഗ്രഹത്തിൽ സാമാന്യ വിശ്വാസമുള്ള ആളുകൾക്കും ജീവിതത്തിലെ ക്ലേശങ്ങൾ കൊണ്ടു് അക്ഷമയും അതൃപ്തിയും വരാവുന്നതാണു്. "കഷ്ടം നിൻ സൃഷ്ടികർമ്മം ജീവികൾക്കേറ്റം ഭവ്യദുഃഖദം" എന്നു ഭക്താഗ്രണികളും ചിലപ്പോൾ വാവിട്ടു കരഞ്ഞുപോകും. അത്തരമൊരു മനോഗതി തന്നെ ആയിരിക്കണം തോംപ്സൻെറ കല്പനയ്ക്കു കാരണമെന്നു ഞാൻ കരുതുന്നു. എന്നാൽ ദൈവാനുഗ്രഹത്തിൽ ഉറച്ച വിശ്വാസമുള്ള കവിയുടെ ബുദ്ധി, ജീവിതാനുഭവങ്ങളെ യുക്തിപൂർവ്വം പരിശോധിച്ചു്, തന്നെ പിന്തുടരുന്ന ദൈവശക്തി പ്രലോഭനങ്ങളിൽ നിന്നു തന്നെ വിരട്ടിക്കൊണ്ടുപോയി സായൂജ്യത്തിലേക്കു നയിക്കയാണു ചെയ്യുന്നതെന്നു ധരിച്ചു് സമാശ്വസിക്കയാണു ചെയ്യുന്നതു്.

വേട്ടപ്പട്ടിയെപ്പററിയുള്ള കല്പനയെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾക്കു വകയുണ്ടാകാമെങ്കിലും ഒരു ശുദ്ധാത്മകവിത (മൗതിക കവിത) എന്ന നിലയ്ക്കു് ഈ ലഘുകാവ്യത്തിനുള്ള വൈശിഷ്ട്യം ആരും സമ്മതിക്കും. ഭൗതികവാദപിശാചു ബീഭത്സതാണ്ഡവം ചെയ്ത ഒരു അന്ധകാരഘട്ടത്തിൽ പൊക്കിപ്പിടിച്ച ഒരു ദീപശിഖയാണു് ഈ ലഘുകാവ്യം. ദുസ്സഹമായ ദുഃഖങ്ങൾ അനുഭവിച്ച ഒരാത്മാവു് തന്നെ ക്രൂരമായി പിന്തുടരുന്നെന്നു തോന്നുന്ന ദൈവശക്തിയെ വെറുക്കാതെ, അതു തന്നെ ഉൽക്കർഷത്തിലേക്കു നയിക്കയാണു ചെയ്യുന്നതെന്നു വിളിച്ചുപറഞ്ഞ ആ സന്ദേശം ഏതു കാലത്തും ഏതവിശ്വാസിയുടെയും ചെവിയിൽ പതിയുന്നതാണു്. ദൈവസന്നിധിയിൽ നിന്നു് ഓടിയൊഴിയാനും, ജീവിതാകർഷണങ്ങൾക്കു വശപ്പെടാനും ശ്രമിക്കുന്ന ആത്മാവിനെ ദൈവശക്തി—ക്രൂരമെന്നു തോന്നുമെങ്കിലും—കാരുണ്യപൂർവ്വം പിന്തുടരുന്നു. ആ ശക്തിയിൽനിന്നു ദൂരെപ്പോകുന്ന ആത്മാവിനെ മററെല്ലാം പരിത്യജിക്കുന്നു. ശിശുക്കളുടെ സ്നേഹം ഉൾപ്പെടെ ഒന്നും ആ ആത്മാവിനു് അഭയം നൽകുന്നില്ല. ഒടുവിൽ ഓട്ടം നിറുത്തി ദൈവശക്തിക്കു കീഴ്പ്പെട്ടു

കയും ആത്മാവിനു ദൈവാനുഗ്രഹം പൂർണ്ണമായി സിദ്ധിക്കയും ചെയ്യുന്നു. ഈ ചിന്തകൾ അദ്ധ്യാത്മജ്ഞാനമണ്ഡലത്തിൽ സുപരിചിതങ്ങളാണ്; വിശേഷിച്ചും ഭാരതീയരായ നമുക്ക്.

"സർവ്വധർമ്മങ്ങളും വിട്ടിട്ടെന്നെ ശരണമാക്കെടോ
സർവ്വപാപങ്ങളും തീർത്തുരക്ഷിപ്പേൻ ദുഃഖിയായ്ക നീ''

എന്ന ഭാരതീയമഹാസന്ദേശത്തിൻെറ മാറെറാലിയും കൂടെയാണല്ലോ നാം ഇവിടെ കേൾക്കുന്നത്.

ഒരു കവിത എന്ന നിലയ്ക്കു് ഭാവനയും കലാശില്പവും ഒത്തിണങ്ങിയ ഒരു വിശിഷ്ടകൃതിയാണ് The Hound of Heaven. ശബ്ദങ്ങൾ തിരഞ്ഞെടുക്കുന്നതിലും, വൃത്തസ്വീകരണത്തിലും, കല്പനകളിലും ഉല്ലേഖങ്ങളിലും, അനുഭവാവിഷ്ക്കരണത്തിലും വികാരസന്നിവേശത്തിലും, എല്ലാം കവിയുടെ കഴിവു് അങ്ങേയററം വിജയിച്ചിട്ടുണ്ട്. ചെറിയ ചെറിയ പദങ്ങൾകൊണ്ടു് നമ്മുടെ ചിന്തകളെ എങ്ങോട്ടെല്ലാമാണോ പറത്തിക്കൊണ്ടുപോകുന്നതെന്നും, ഏതെല്ലാം അനുഭൂതികളെയാണു നമ്മുടെ ഉള്ളിൽ ഉണർത്തുന്നതെന്നും വിസ്മയം കൂടാതെ വിചാരിക്കാൻ സാദ്ധ്യമല്ല.

ഫ്റാൻസിസ് തോംപ്സൻ ജീവിതാനുഭവങ്ങളെ അത്യാത്മബോധത്തിനു ഉപകരണമാക്കി രചിച്ച ഈ കവിത നാസ്തികതയിൽ നിന്നു മനുഷ്യസമുദായത്തെ പിന്തിരിപ്പിക്കാൻ പ്രയോജനപ്പെടുന്നതാണ്. ഈ കവിതയുടെ ആ പ്രയോജനം തന്നെയല്ലേ ഫാദർ ഹെർമൻ അവർകളെ ഇതിൻെറ ഭാഷാന്തരീകരണത്തിനു പ്രേരിപ്പിച്ചതെന്നു ഞാൻ സംശയിക്കുന്നു. നമ്മുടെ കാലവും നാസ്തികതയിലേക്കു ചായ്‌വുള്ളതാണ്. ഭൗതികമായ ഉത്കർഷമാണു സർവ്വവും എന്നു വിചാരിക്കുന്ന ഒരു തലമുറയാണു നമ്മുടേതു് എന്നുവരെ പറയാമെന്നു തോന്നുന്നു. സുഖസാധനങ്ങളെ സംഭരിക്കുന്നതോടുകൂടി ജീവിതലക്ഷ്യങ്ങൾ പൂർത്തിയാകും എന്നു വിശ്വസിക്കുന്ന ബഹുലക്ഷം

സഹജീവികളാണ നമ്മുടെ ശ്രദ്ധയിൽ പതിയുന്നതു്. ഇ ക്കാലത്തു് തോംപ്സൻെറ സന്ദേശത്തിനു പ്രത്യേകമായ പ്രയോജനം ഉണ്ടെന്നുതന്നെ കരുതണം. അതിനാൽ ഇതി ൻെറ ഭാഷാന്തരീകരണംകൊണ്ടു ഫാദർ ഹെർമൻ നമ്മെ വളരെ കടപ്പെടുത്തിയിട്ടുണ്ടു്.

തോംപ്സൻെറ കവിത പരിഭാഷപ്പെടുത്തി ഫലി പ്പിച്ചു കൊള്ളാൻ പ്രയാസമുള്ളതാണു്. അൎത്ഥം തിങ്ങി ത്തുളുമ്പുന്ന പദസമൂഹങ്ങളുടെ ഒരു ഘോഷയാത്രതന്നെ യാണു മൂലകൃതിയിൽ കാണുന്നതു്. അതു് ആവുംമട്ടു മ ലയാളത്തിലേക്കു പകർത്താൻ ഫാദർ ഹെർമൻ ശ്രമി ച്ചിട്ടുണ്ടു്. അദ്ദേഹത്തിനു കിട്ടിയ വിജയം അനുമോദനാ ർഹവുമാണു്. "നാകത്തെ നായ" എന്ന തർജ്ജിമ The Hound of Heaven എന്നതിൻെറ ശക്തിയെ പകർത്തു ന്നുണ്ടോ എന്നു സംശയിക്കണം. ഇതു് ഉദാഹരണമായി സൂചിപ്പിച്ചതാണു്. ഇത്തരം ഉദാഹരണങ്ങൾ ഈ കൃതി യുടെ തർജ്ജിമക്കുള്ള പ്രയാസത്തെ തെളിയിക്കുന്നതാ ണു്. വിശിഷ്ടമായ ഒരു കൃതിയുടെ പരിഭാഷ സംഭാവ ന ചെയ്ത ഫാദർ ഹെർമനും അദ്ദേഹത്തിൻെറ സാഹി ത്യപരിശ്രമങ്ങൾക്കും ഞാൻ സകല ഭാവുകങ്ങളും ആശം സിച്ചുകൊള്ളുന്നു.

ശൂരനാട്ടു കുഞ്ഞൻപിള്ള
(ഒപ്പ്)

തിരുവനന്തപുരം
4–5–1959.

ഫ്രാൻസിസ് തോംപ്സൺ

(1859-1907)

ചരിത്രസംഗ്രഹം

ഇംഗ്ലണ്ടിൻെറ വിക്ടോറിയൻ കാലഘട്ടത്തിന് ഏററവും സമുചിതമെന്നു ജി. കെ. ചെസ്റ്റർട്ടൺ കരുതിയ വിവരണം, "ഫ്റാൻസിസ് തോംപ്സൺ അതിലില്ലായിരുന്നു" എന്നാണ്. "സർവ്വത്ര നിഷ്കളങ്ക"നെന്ന് ആലിസ് മെയ്നെൽ സമർത്ഥിച്ച ആ മൗതികഗായകൻ പ്രാർത്ഥനയും സഹനവും കവിതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു ലോകത്തെ പഠിപ്പിക്കുവാൻ അഭ്യസിച്ചുകൊണ്ട് അക്കാലത്ത് ലണ്ടൻ നഗരത്തിൻെറ ഇടനാഴികളിൽ അലഞ്ഞുതിരിഞ്ഞു് അജ്ഞാതനായി കഴിഞ്ഞുകൂടുകയായിരുന്നു. അധ്യാത്മികദൃഷ്ട്യാ കേവലം ശുഷ്കവും ലവണശൂന്യവുമായിരുന്ന ആ നാഗരികതയുടെ വിനോദശാലകളിലോ, വിദ്വത്സമിതികളിലോ ഉന്നതതല ചർച്ചകളിലോ ആ സാധുവിനു സ്ഥാനമില്ലായിരുന്നു. വസ്ത്രം മോശമെന്ന കാരണത്താൽ ഒരിക്കൽ ഒരു ഗ്രന്ഥശാലയിൽ പ്രവേശം നിഷേധിക്കപ്പെടുകപോലുമുണ്ടായി.

ലങ്കാഷയറിൽ പ്രെസ്റ്റൺ എന്ന സ്ഥലത്ത് സാമാന്യനിലയിലുള്ള ഒരു കത്തോലിക്കാകുടുംബത്തിൽ 1859 ഡിസംബർ 18-ാം തീയതി ഫ്റാൻസിസ് തോംപ്സൺ ഭൂജാതനായി. ബാല്യത്തിൽതന്നെ സാഹിത്യാഭിരുചിയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ പ്രത്യക്ഷമായിരുന്നു. അടിയുറച്ച മതബോധവും, വേദരഹസ്യങ്ങളുടെ ഉപരിപഠനത്തിൽ അസാമാന്യമായ അഭിരുചിയും സ്വപിതാവിൽനിന്ന് അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. അതുപോലെതന്നെ ചേതനാസമൃദ്ധമായ വികാരവായ്പും,

സജീവമായ ഭാവനാചാതുരിയും അമ്മയിൽ നിന്നും ലഭിച്ചു.

ഏകാന്തവാസവും മനോരാജ്യവ്യാപാരവും ബാലനായ ഫ്റാൻസിസിനു ജന്മനാതന്നെ വളരെ താല്പര്യമായിരുന്നു. ഷേക്സ്പീയർ, മിൽട്ടൺ മുതലായ ഒന്നാംകിട കാവ്യകാരന്മാരുടെ കൃതികൾ ഏഴു വയസ്സു മുതൽ അത്യധികമായ അഭിരുചിയോടുകൂടെ അദ്ദേഹം വായിച്ചു പഠിച്ചിരുന്നു.

ഭക്തനായ പിതാവിൻെറ ആഗ്രഹം കൊച്ചുഫ്റാൻസിസ് ഒരു വൈദികനായി കാണണമെന്നായിരുന്നു. അതനുസരിച്ച് പതിനൊന്നാം വയസ്സിൽ ഉഷോ (Ushaw) എന്ന സ്ഥലത്തെ കോളേജിൽ അയയ്ക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ നൈസർഗ്ഗികമായ മനോരാജ്യവ്യാപാരവും വികാരചേഷ്ടിതകളും ഒരു വൈദികവിദ്യാർത്ഥിക്ക് അനുയോജ്യമല്ലെന്നു വിധിയായതിനാൽ പതിനെട്ടാമത്തെ വയസ്സിൽ അവിടെ നിന്നു നിഷ്ക്കാസിതനായി.

പിതാവിനും പുത്രനും ഒരുപോലെ വ്യസനകരമായിരുന്നു ആ അപജയം. പിതാവിൻെറ തൊഴിലായിരുന്ന വൈദ്യം അഭ്യസിക്കുവാൻ അനന്തരം ഉദ്യമിച്ചു, എന്നാൽ ആ തൊഴിലിൽ അദ്ദേഹത്തിന് അശ്ശേഷം അഭിരുചി ഉണ്ടായിരുന്നില്ല. ഏഴു വർഷത്തെ പരീക്ഷണത്തിനുശേഷം അതും ഉപേക്ഷിച്ചു. തൻെറ ജീവിതലക്ഷ്യം മററുള്ളവരുടേതിൽ നിന്നു തികച്ചും വ്യത്യസ്തമായ ഒന്നാണെന്ന് അദ്ദേഹത്തിനു തോന്നിത്തുടങ്ങി. സാധാരണമനുഷ്യരുടെ ലോകവ്യാപാരഗതിയോട് ഒത്തിണങ്ങിപ്പോകാൻ തനിക്കു സാദ്ധ്യമല്ലെന്നും തൻെറ ആദർശം തികച്ചും അഭൗമമായ ഒന്നാണെന്നും ഒടുവിൽ അദ്ദേഹത്തിനു പൂർണ്ണബോധ്യമായി.

ഇരുപത്താറാമത്തെ വയസ്സിൽ ഫ്റാൻസിസ് വീടുവിട്ടു ലണ്ടൻ നഗരത്തേയ്ക്കു പോയി. സ്ഥിരമായ വാസ

സ്ഥാനമോ തൊഴിലോ ഒന്നുമില്ലാതെ ഏകദേശം മൂന്നു കൊല്ലത്തോളം വളരെ നികൃഷ്ടമായ വിധം അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെടേണ്ടി വന്നു. അതിനിടയിൽ ചില ചില്ലറ ജോലികളും പരീക്ഷിച്ചുനോക്കാതിരുന്നില്ല. പെൻസിൽ, തീപ്പെട്ടി. മുതലായ ചില്ലറ സാമാനങ്ങൾ കൊണ്ടുനടന്നു വില്ക്കുന്ന ഒരു കച്ചവടക്കാരന്റെ കൂട്ടത്തിലായിരുന്നു കുറച്ചുനാൾ. ചെരിപ്പുകുത്തു പഠിക്കാമോയെന്നു ശ്രമിച്ചുനോക്കി പിന്നീട്. അതിലും സ്ഥിരപ്പെട്ടില്ല. വണ്ടിയടി, ദൂതുപോക്ക് മുതലായ ദാസ്യവൃത്തികളിൽപോലും ഏർപ്പെട്ടിട്ടുണ്ട്. അവയെല്ലാമിടയിൽ മിക്കപ്പോഴും ഭിക്ഷ യാചിച്ചാണ് വിശപ്പടക്കിയിരുന്നത്. തെരുവീഥികളുടെ അരികുകളിലും, തെംസ് നദിയുടെ മണൽതിട്ടയിലു മററുമായിരുന്നു പലപ്പോഴും രാത്രി കഴിച്ചുകൂട്ടിയതു്. തണുപ്പും പട്ടിണിയും കൊണ്ടു് ആരോഗ്യസ്ഥിതി വളരെ മോശമായി. അതോടുകൂടെ കറുപ്പുതീററിയും കുറേശ്ശേ ആരംഭിച്ചു. എങ്കിലും ആ കഷ്ടസ്ഥിതിയിലെങ്ങും തന്റെ മതബോധത്തിനോ ജന്മസിദ്ധമായ കവിതാവാസനക്കോ യാതൊരന്തരവും വന്നില്ല.

ഒടുവിൽ മക്മാസ്റ്റർ എന്നു പേരായ ഒരു പുസ്തകവ്യാപാരിയുടെ കൂട്ടത്തിൽ കൂടി. അയാൾ പ്രോട്ടസ്റ്റന്റുകാരനായിരുന്നെങ്കിലും ഫ്റാൻസിസിന്റെ കത്തോലിക്കാവിശ്വാസത്തെയും ഭക്തജീവിതത്തെയും അത്യന്തം ആദരിക്കുകയും ഔദാര്യപൂർവ്വം അദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്തു. പുസ്തകങ്ങളുമായി വീണ്ടും ഇടപെടുവാൻ സാധിച്ചതു് മഹാഭാഗ്യമായി. വില്പനക്കിടയിൽ വായനക്കും, പഠനത്തിനും, രചനക്കും കൂടി അവസരവും അഭിനിവേശവുമുണ്ടായി. ആദ്യമെഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരണാർഹമായിരുന്നില്ല. എങ്കിലും മക്മാസ്റ്ററിൽ നിന്നു് ഉദാരമായ പ്രോത്സാഹനം ലഭിച്ചു. എന്നാൽ കുറേ കഴിഞ്ഞപ്പോഴേക്കും അലസതയും കറുപ്പുതീററിയും വർദ്ധിച്ചുവരുന്നെന്നും ആവശ്യപ്പെട്ട കാര്യത്തിനൊന്നും ഉത്സാഹമില്ലെന്നും കണ്ടതിനാൽ പുസ്തകവ്യാപാരത്തിൽ നിന്നും പിരിച്ചുവിടപ്പെട്ടു.

തോംപ്സൺ തന്റെ ജീവിതത്തിന്റെ ഏററവും തമോനിബിഡമായ ഘട്ടത്തിലെത്തി. എന്നാൽ ആ അന്ധകാരമദ്ധ്യത്തിലും അദ്ദേഹത്തിന്റെ കാവ്യദീപം പ്രകാശിച്ചുകൊണ്ടേയിരുന്നു. ശാശ്വതസ്മരണാർഹമായ കവിതാതല്ലജങ്ങൾ രചിക്കുവാനുള്ള അഭിനിവേശത്തിന് ഉൽക്കർഷമുണ്ടായതു് ആ ഘട്ടത്തിലായിരുന്നു. The Passion of Mary എന്നൊരു കവിതയും Paganism Old and new എന്നൊരുപന്യാസവും ഒരു കത്തുംകൂടി ഒന്നിച്ചു് 1887-ൽ Merry England എന്ന സാഹിത്യമാസികയ്ക്കു് അദ്ദേഹം അയച്ചുകൊടുത്തു. എന്നാൽ ആ മാസികയുടെ പ്രണേതാവു്, വിൽഫ്രിഡ് മെയ്നെൽ, ആറു മാസത്തിനുശേഷമേ ആ ലേഖനങ്ങളും കത്തും വായിച്ചുനോക്കുവാനിടയായുള്ളു. ലേഖനങ്ങൾ അത്യന്തം അഭിനന്ദനാർഹമെന്നു കണ്ടതിനാൽ അവ മാസികയിൽ പ്രസിദ്ധം ചെയ്തശേഷം ലേഖകനെക്കുറിച്ചു പത്രാധിപർ അന്വേഷണമാരംഭിച്ചു. ആഫീസിലേയ്ക്കു് ക്ഷണിച്ചുകൊണ്ടു് ആദ്യമൊരെഴുത്തയച്ചു. ആ കത്തു തോംപ്സന്നു് കിട്ടിയില്ല. അലഞ്ഞുനടക്കുന്നവക്കുണ്ടോ മേൽവിലാസം! അനന്തരം പല സ്ഥലങ്ങളിലും നേരിട്ടുതന്നെ അന്വേഷണം നടത്തിയതിൽ ഒരു കറുപ്പുകടയിൽനിന്നറിവു കിട്ടി ഫ്രാൻസിസ് തോംപ്സൺ അവിടെ കുറെ കടം തീക്കാനുണ്ടെന്നു്. അതിന്റെ പരിസരങ്ങളിൽ അന്വേഷണം തുടർന്നു; ഒടുവിൽ കണ്ടെത്തി; തെരുവിൽ തീപ്പെട്ടി വിററുകൊണ്ടു നടക്കുന്ന ശങ്കാകുലനും, ലജ്ജാലുവുമായ ഒരു പട്ടിണിക്കോലത്തെ. സാധാരണ ഭിക്ഷുക്കളെക്കാളേറെ മോശമായ വസ്ത്രം, കോട്ടിനടിയിൽ ഷർട്ടില്ല; കീറിപ്പറിഞ്ഞ ചെരിപ്പുകൾ കാലുറയില്ലാതെയിട്ടിരിക്കുന്നു. അതായിരുന്നു ഫ്രാൻസിസ് തോംപ്സൺ!

ആ പത്രാധിപരും ആ ലേഖകനും തമ്മിലുണ്ടായ ആ കൂടിക്കാഴ്ച വിശ്വസാഹിത്യചരിത്രത്തിൽ അവിസ്മരണീയമായ ഒരു സംഭവമാണു്. കറുപ്പുകടയിലെ കടമെല്ലാം പത്രാധിപർസായ്പുതന്നെ കൊടുത്തുതീർത്തു. തീപ്പെട്ടിവില്പനക്കാരനെ തന്റെ വീട്ടിലേയ്ക്കു് വിളിച്ചുകൊ

ണ്ടുപോകുകയും ചെയ്തു. അന്നവസാനിച്ചു ഫ്ററാൻസിസ് തോംപ്സണിന്റെ കഷ്ടസ്ഥിതിയും അനഥാവസ്ഥയും.

വസ്ത്രവും ഔഷധവും കൊടുത്തു കുറച്ചുനാാം ശുശ്രൂഷിച്ചപ്പോഴേയ്ക്കും തോംപ്സണിന്റെ ആരോഗ്യസ്ഥിതി അഭിവൃദ്ധപ്പെട്ടു. അതോടുകൂടെ കറുപ്പുതീററിയും നിറുത്തി. മെയ്നെൽ കുടുബത്തിന്റെ സംരക്ഷണത്തിൽ അദ്ദേഹത്തിന്റെ കവിതാവാസനയ്ക്കു് ഉപരിവികാസം സിദ്ധിക്കുവാൻ തുടങ്ങി. കുറേക്കഴിഞ്ഞു് സ്റ്റോറിംഗ്ടണിലെ പ്രീമോൺസ്റ്റ്രത്തേൻസിയൻ ആശ്രമത്തിലെത്തി ഒട്ടനാാം താമസിച്ചു. അവിടെവച്ചാണു് ജീവിതമെന്തെന്നു ശരിയായി ഗ്രഹിക്കാൻ അദ്ദേഹത്തിനു സാധിച്ചതു്. കറുപ്പിന്റെ പിടിയിൽ നിന്നു വിമുക്തി പ്രാപിച്ചുകൊണ്ടു് കവിതയെഴുതുന്നതിൽ മാത്രം സർവ്വശ്രദ്ധയും ചെലുത്തിത്തുടങ്ങി. അവിടെ വച്ചെഴുതിയവയിൽ ഏററവും ഉത്തമമായവയാണു് Daisy, Odc to the Setting Sun എന്ന കവിതകൾ. അവിടെനിന്നും മിസ്റ്റർ മെയ്നെല്ലിന്റെ ക്ഷണമനുസരിച്ചു് ലണ്ടനിലേയ്ക്കു മടങ്ങുകയും, പത്തൊൻപതു വർഷത്തെ ആയുശ്ശേഷം മുഴവനും അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. അക്കാലഘട്ടത്തിൽ അനേകം വിശിഷ്ടകൃതികൾ,—ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം രചിച്ചിട്ടുണ്ടു്.

ഒരു ദിവസം മിസസ്സ് മെയ്നെല്ലിന്റെ കൃതിയായ ഒരു കവിതാസമാഹാരം കാണാനിടയായപ്പോൾ, "ഇതുപോലൊന്നു് എനിക്കും പ്രസിദ്ധം ചെയ്യാമല്ലോ'' എന്നു് കുതുഹലം കൊണ്ടു് തോംപ്സൺ തന്നത്താൻ പറഞ്ഞുപോയി. അതനുസരിച്ചു് 1893—ൽ തന്റെ ആദ്യത്തെ സമാഹാരം പ്രസിദ്ധം ചെയ്തു. തന്റെ ഏററവും വിശിഷ്ടകൃതിയായ "നാകത്തെ നായ'' The Hound of Heaven അതിലുണ്ടായിരുന്നു. Sister Songs എന്ന അഭിധാനത്തിൽ വേറൊരു സമാഹാരം 1895—ലും, New Poems എന്ന മറെറാന്നു് 1897—ലും പ്രസിദ്ധീകൃതമായി. അദ്ദേഹത്തിന്റെ ഗദ്യകൃതികളിൽ മുഖ്യമായവ, വിശുദ്ധ

ഇഗ്നേഷ്യസ് ലൊയോളയുടെ ജീവചരിത്രവും, ഷെല്ലി യെക്കുറിച്ചാരുപന്യാസവുമാണ്.

ആദർശസുന്ദരമായിരുന്ന ആ ജീവിതം അരശതാബ്ദം പോലും ദീർഘിച്ചില്ല. തോംപ്സൺ ക്ഷയരോഗബാധിതനായി സെൻറുജോൺസ്‌വുഡിലെ ആസ്പത്രിയെ അഭയം പ്രാപിച്ചു. അവിടെ വച്ചാണ് 1907 നവംബർ 13–ാം തീയതി 48–ാമത്തെ വയസ്സിൽ കത്തോലിക്കാ തിരുസ്സഭയുടെ കൂദാശകളാലും അന്ത്യസഹായങ്ങളാലും സമ്പന്നനായി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്. തൻെറ സ്നേഹിതയും സംരക്ഷകയും കവിയത്രിയുമായിരുന്ന ആലീസ് മെയ്നെല്ലിടോപ്പം കൻസാൽഗ്രീൻ (Kansal Green) സിമിത്തേരിയിൽ അദ്ദേഹം ഇപ്പോഴം നിത്യവിശ്രമം കൊള്ളുന്നു.

തോപ്സണിൻെറ ഒരു ലിഖിതത്തിലിങ്ങനെ കാണുന്നു; "സ്വർഗ്ഗത്തിൽ പുണ്യവാന്മാരുടെയും പരാക്രമശാലികളുടെയും യുദ്ധവീരന്മാരുടെയും, ദൈവത്തിൻെറ സുഹൃത്തമന്മാരുടെയുമിടയിൽ നിങ്ങളെന്നെ അന്വേഷിക്കരുത്. അവരെല്ലാം ഉന്നത സിംഹാസനസ്ഥന്മാരും മഹാപ്രതാപശാലികളുമായിരിക്കും. ദൈവത്തിൻെറ അനുഗ്രഹങ്ങൾക്കു പ്രതിനന്ദിയായി സ്തുതിഗീതങ്ങളാലപിക്കുന്ന സാധുക്കളും ശിശുക്കളും അവിടെയുമുണ്ടായിരിക്കും. അവരുടെയിടയിലായിരിക്കും നിങ്ങളെന്നെ കണ്ടെത്തുക. സ്വർഗ്ഗത്തിലെ നഴ്സറികളിൽ നിങ്ങളെന്നെ അന്വേഷിക്കുക."

തോംപ്സണിൻെറ കവിതകളുടെ സവിശേഷത.

വ്യവസായിക പുരോഗമനത്തിനിടയിൽ കേവലം യാന്ത്രികമായി പരിണമിച്ച പത്തൊൻപതാം നൂററാണ്ടിലെ തൻെറ സമകാലീനരെ ആദ്ധ്യാത്മികതത്ത്വപ്രകാശനത്താൽ ദൈവവിശ്വാസത്തിലേക്കാനയിക്കുകയെന്ന കർത്തവ്യനിർവ്വഹണമാണ് തോംപ്സണിൻെറ സാഹിത്യ സമാരംഭത്തിനു നിദാനമായിത്തീർന്നത്. വളരെ ക്ലേശകര

മായ ഒരു ജീവിതസരണിയാണു ദൈവം അദ്ദേഹത്തിനു തുറന്നുകൊടുത്തതു്. എന്നാൽ സഹനം പ്രാൎത്ഥനയ്ക്കും പ്രാൎത്ഥന ദൈവവിശ്വാസത്തെ അധികമധികം ദൃഢപ്പെടുത്തുന്നതിനുമായിട്ടാണു' അദ്ദേഹം പ്രയോജനപ്പെടുത്തിയതു്.

നിഷ്കളങ്ക ഹൃദയന്മാൎക്കു ദൈവദൎശനമുണ്ടാകുമെന്നു ക്രിസ്തുനാഥൻ ഗിരിപ്രഭാഷണത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. പ്രാൎത്ഥനയും സഹനവും ഫ്രാൻസിസിൻെറ ഹൃദയത്തെ അഹന്തയിൽനിന്നും അത്യാഗ്രഹത്തിൽനിന്നും വേർപെടുത്തിയിരുന്നതിനാൽ സുവിശേഷപ്രോക്തമായ ആ ദൈവദൎശനത്തിനൎഹമാകത്തക്കവണ്ണം അതു നിഷ്കളങ്കമായിത്തീൎന്നു. സ്വഭാവശുദ്ധിയുടേയും ഹൃദയനൈൎമ്മല്യത്തിൻെറയും ആത്മാൎത്ഥതയുടേയും പൎയ്യായമായിരുന്നു അദ്ദേഹത്തിൻെറ ജീവിതമെന്നു പറയാം. തന്നിമിത്തം സത്യത്തെ അദ്ദേഹം ദൎശിച്ചു; അതിൻെറ അഭൗമസൗന്ദൎയ്യത്തെ സ്നേഹിച്ചു, ആരാധിച്ചു; അതിൻെറ അപദാനങ്ങൾ പാടിപ്പുകഴ്ത്തുവാൻ അദ്ദേഹത്തിൻെറ ആത്മാവു് ആവേശം കൊണ്ടു. ആ ദൎശനമാണു് അദ്ദേഹത്തിൻെറ കവിതകളുടെ ഉത്ഭവസ്ഥാനം. ആ സ്നേഹവും, ആരാധനയും ആവേശവുമാണു് അവയുടെ ജീവൻ.

നിസ്സാരവസ്തുക്കളെയും അവയുടെ വിശദാംശങ്ങളെയും അത്യന്തം പ്രതിപത്തിയോടെ സൂക്ഷ്മനിരീക്ഷണം ചെയ്തു് അവയിലെല്ലാം സ്രഷ്ടാവിൻെറ സാന്നിദ്ധ്യവും അവിടുത്തെ ഗുണവിശേഷങ്ങളും ദൎശിച്ചാനന്ദിക്കുന്നതിൽ തോംപ്സൺ അതീവൗത്സുക്യം പ്രദൎശിപ്പിച്ചിരുന്നു. വശ്യവചസ്സായിരുന്ന അദ്ദേഹത്തിൻെറ കവിതകളുടെ ഒഴുക്കും ഓജസ്സും ഭാവഗാംഭീൎയ്യവും അന്യാദൃശമെന്നേ പറയേണ്ടു. ആന്തരികപ്രചോദനത്തിൽനിന്നു് ഇത്ര എളുപ്പമായും, ഇത്ര മനോഹരമായും കവിതയെഴുതുവാൻ കഴിഞ്ഞിട്ടുള്ളവർ അപൂൎവ്വമാണു്. അവയിൽ സവിശേഷം പ്രത്യക്ഷമായിക്കാണുന്ന ചിന്താപരമായ അവഗാഹവും വികാരപരമായ ഉള്ളുക്കം സമകാലീനകവികളുടെ ആശയപ്പാപ്പരത്തത്തിൻെറയും, ഉപരിപ്ലവമായ ചിന്താഗതിയുടേയും, ഓജ

സ്സാററ കൃത്രിമ ശൈലീവിശേഷത്തിൻെറയും അതിനിശിതമായ ഒരു പരോക്ഷഖണ്ഡനമായിരുന്നു.

തോംപ്സണിൻെറ പ്രതിയോഗികളായ ഇതര കവികളുടെമേൽ അദ്ദേഹത്തിനുണ്ടായിരുന്ന ശ്രേഷ്ഠതയും ഔൽകൃഷ്ട്യവും, മതരഹിതനായ ഒരു കവി അന്ധനായ ചിത്രമെഴുത്തുകാരനെപ്പോലെയാണെന്നു സുവിശദമായി തെളിയിക്കുന്നു. വിശ്വാസമില്ലായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ കവിതകൾ ഇത്ര വിശിഷ്ടങ്ങളാകയില്ലായിരുന്നു.

ദൈവവിശ്വാസവും ആധ്യാത്മിക ചിന്തയും കുറഞ്ഞുവരുന്ന ഇക്കാലത്തു് ഫ്രാൻസിസ് തോംപ്സണിൻെറ കൃതികൾക്കു പ്രചാരം വർദ്ധിച്ചുവരുന്നതു വിസ്മയാവഹമാണു്. അദ്ദേഹത്തിൻെറ കൃതികളെല്ലാം തന്നെ ആയുഷ്കാലത്തു പ്രസിദ്ധീകൃതമായിരുന്നെങ്കിലും മരണശേഷമാണു് അവയുടെ ശരിയായ വില സഹൃദയലോകം അറിഞ്ഞു തുടങ്ങിയതു്. ആരംഭഘട്ടത്തിൽ അവയെ തീരെ നിശബ്ദമാക്കിക്കളയാൻപോലും ചിലർ ശ്രമിക്കാതിരുന്നില്ല. എന്നാൽ ഇന്നു് ജാതിമത ഭേദമെന്യേ സകലരും, ഒന്നാംകിടക്കാരായ ആംഗ്ലേയകവികളുടെ കൂട്ടത്തിൽ തന്നെയാണു് അദ്ദേഹത്തിനു സ്ഥാനം നൽകുന്നതു്.

നാകത്തെ നായ

ഫ്രാൻസിസ് തോംപ്സണിൻെറ സാഹിത്യപരിശ്രമങ്ങളുടെ ഏററവും മഹത്തായ മണിദീപം "നാകത്തെ നായ" (The Hound of Heaven) എന്ന മൌതികകാവ്യമാണു്. 1891–ൽ, Merry England എന്ന മാസികയിലായിരുന്നു അതാദ്യമായി പ്രസിദ്ധം ചെയ്യപ്പെട്ടതു്. പത്തൊൻപതാം നൂററാണ്ടു്, തോമസ് അകെമ്പീസിൻെറ കാലത്തേക്കു മടങ്ങിച്ചെന്നതുപോലുള്ള ഒരു പ്രതീതിയാണു പ്രസ്തുത കാവ്യത്തിൻെറ പശ്ചാത്തലം ഉളവാക്കുന്നതെന്നു് ഒരു വിമർശകൻ പ്രസ്താവിക്കുന്നു. ഷേക്സ്പീയറുടെ

ഗീതകങ്ങരം (Sonnets) മാത്രമേ അതിനെ അതിശയിക്കു ന്നുള്ളു. ആംഗലസാഹിത്യത്തിൽ അതിനോടു കിടനില്ക്കു വാൻ മൂന്നാം സ്ഥാനത്തൊന്നില്ലതാനും.

ദൈവത്തെ ഭയപ്പെട്ടോടിയകന്നു് സൃഷ്ടികളിൽ സൗ ഭാഗ്യമന്വേഷിക്കുന്ന ഒരാത്മാവിൻെറ അനുഭവ വിശേഷ ങ്ങളാണു് ഈ കാവ്യത്തിൻെറ ഇതിവൃത്തം. ഒളിച്ചോട്ടം കൊണ്ടൊരിടത്തും സൗഭാഗ്യമോ സംതൃപ്തിയോ ലഭിക്കു ന്നില്ല. ദൈവമാകട്ടെ സ്നേഹപൂർവ്വം പിന്തുടർന്നു് അതി നെ സ്വാധീനപ്പെടുത്തുന്നു.

> ''തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
> പേടിക്കുശേഷിയില്ലോടിയൊളിക്കുവാൻ.''

കാവ്യത്തിൻെറ രത്നച്ചുരുക്കമാണു് ഈ രണ്ടു വരികരം. ഭയം ക്രമേണ നീങ്ങി ദൈവസ്നേഹത്തിൻെറ രഹസ്യം ഗ്ര ഹിച്ചു് ആത്മാവു സായുജ്യ സൗഭാഗ്യം പ്രാപിക്കുന്നു. ഒരു വേട്ടനായ ദൃഢനിശ്ചയത്തോടുകൂടെ അതിൻെറ ഇരയെ പിന്തുടർന്നു സ്വാധീനപ്പെടുത്തുന്ന വൃത്താന്തമാണു രൂപക രീതിയിലുള്ള ശീർഷകം ഉരംകൊള്ളുന്നതു്. കാവ്യശരീര ത്തിലാകട്ടെ ആ രൂപകത്തെ അത്ര നിഷ്കർഷിക്കുന്നില്ല. ദൈവം ആത്മാവിനെ പിന്തുടരുന്നതായിട്ടാണു് വർണ്ണന. മനുഷ്യൻെറ ധാർമ്മിക വ്യാപാരങ്ങളെ ദൈവം നിയന്ത്രി ക്കുന്നതു് അന്തക്കരണത്തിൻെറ പ്രചോദനം വഴിയാണ ല്ലോ. എത്ര അമർത്തിയാലും നിശ്ശേഷം നിശബ്ദമാകാത്ത ഒന്നാണു് അതിൻെറ സ്വരം. ജീവിതധർമ്മം സംബന്ധിച്ച അജ്ഞത മൂലമോ, അറിയുന്ന കർത്തവ്യങ്ങരംപോലും നി ഷേധിക്കുവാൻ പോരുന്ന ദുർമ്മനസ്സു നിമിത്തമോ സായു ജ്യപ്രാപ്തിയെന്ന സർവ്വപ്രധാനമായ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചുപോകുന്നവരെ അനുധാവനം ചെയ്തു നേർ വഴിയിലേക്കു കൊണ്ടുവരണമെന്നാണു് ദൈവത്തിൻെറ ദൃഢനിശ്ചയം. ആ നിശ്ചയ ദാർഢ്യത്തിൻെറ സമുചിത മായ ഒരു പ്രതിരൂപമാണു് അക്ഷീണനും അജയ്യനുമായ വേട്ടനായ. (Hound എന്നതിനു ശരിയായ ഒററപ്പദം ഭാ

ഷയിൽ കാണാത്തതുകൊണ്ടും വേട്ടയാടുക എല്ലാ നായയുടെയും പ്രകൃതമാകയാലും വികൃതവും ദുസ്സ്രവ്യവമായ 'വേട്ടനായ' എന്നസമസ്തപദം ശീർഷകത്തിൽസ്വീകരിക്കാതെ 'നായ' മാത്രം മതിയെന്നു വച്ചിരിക്കയാണ്.)

വിചാരശൂന്യമായ ലോകഗതി ചിന്താശീലരായ ആദശ്വാന്മാർക്കു ദുസ്സഹമാണ്, ജീവിതധമ്മത്തെ സംബന്ധിച്ചിടത്തോളം സാമാന്യജനങ്ങൾ പ്രായേണ അന്ധന്മാരും ചെകിടന്മാരും മൂകന്മാരുമാണെന്നു പറയാം. വികാരവും വിചാരവും വഴി ജീവിതാദശ്ത്തെ സംബന്ധിച്ച ബോധം അവരിലുല്പാദിപ്പിക്കുകയെന്ന മഹത്തായ കത്തവ്യമാണ് ഈ കാവത്തിൽ കവി നിവ്വഹിക്കുന്നതു്. വിശുദ്ധന്മാരെപോലെ പ്രാത്ഥിക്കുവാൻ സഹനം അദ്ദേഹത്തെ അഭ്യസിപ്പിച്ചിരുന്നുവല്ലോ. ആ പ്രാത്ഥനയിൽ അന്ധന്മാർ കാണേണ്ടതു് അദ്ദേഹം ദശിച്ചു; ചെകിടന്മാർ കേൾക്കേണ്ടതു് അദ്ദേഹം ശ്രവിച്ചു; മൂകന്മാർ പ്രഘോഷിക്കേണ്ടതു് അവർക്കു ചെല്ലിക്കൊടുക്കുവാൻ അദ്ദേഹം ഉദ്യമിച്ചു.

ജനസാമാന്യത്തിൻെറ ഉപബോധത്തിൽ വ്യക്തമായി ഒളിഞ്ഞു കിടപ്പുണ്ടു് സാക്ഷാൽ ജീവിതതൃഷ്ണ. അതിനൊരുണർച്ച കൊടുക്കണം. ആരെയും ആകർഷിക്കയും ഇരുത്തിച്ചിന്തിപ്പിക്കയും ചെയ്യുന്ന ശീർഷകം! "അലസന്മാരേ! വിചാര ശൂന്യന്മാരേ! ഉപരിപ്ലവബുദ്ധികളെ! ഇതാ വരുന്നു, നാകത്തുനിന്നൊരു നായ! പിടിക്കാനാണ്, നിങ്ങളെത്തന്നെ; ദൃഢനിശ്ചയമാണ്, പിടിക്കും; വിടുകയില്ല. എവിടെയെല്ലാം, എങ്ങിനെയെല്ലാം ഓടി ഒളിച്ചാലും പിടിക്കും; കടിക്കാനല്ല; കൊല്ലാനല്ല പിടിക്കുന്നതു്, ജീവൻ തരാനാണ്, സാക്ഷാൽ ജീവൻ. ജീവൻെറയെല്ലാം ഉറവായ അവിടുത്തെ ജീവനിൽനിന്നു നിങ്ങളുടെ അപൂണ്ണമായ ജീവിതത്തെ സമ്പൂണ്ണമാക്കുക. ദൈവസായൂജ്യത്തിൽ മാത്രമാണ് സാക്ഷാൽ സൗഭാഗ്യം.

"നാകത്തെ നായ" ഒരു മൗതിക കാവ്യമാണ്. ദൈവത്തിൻെറ സവിശേഷമായ സൗജന്യ ദാനങ്ങളുടെ

സഹായത്താൽമാത്രം സിദ്ധിക്കുന്ന ദൈവസായൂജ്യത്തെ കുറിച്ചുള്ള പ്രതിപാദനമാണ് മൗതികശാസ്ത്രം. (Mystical Theology). മൗതികജീവിതത്തിലെ അനുഭവങ്ങളുടെ വൈവിധ്യവും വൈപുല്യവും വിവരണാതീതമാണ്. പ്രത്യക്ഷമാത്രമായ ചില വൈപരീത്യങ്ങളും അതിൽ അനുഭവപ്പെട്ടുവെന്നു വരാം. വിശുദ്ധ അഗസ്റ്റിൻ പറയുന്ന ഒരു വാക്യം ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്: Quaeris fugientes Te, Domine, et fugis Quaerentes Te. "നാഥാ, അങ്ങെ വിട്ടകലുന്നവരെ അങ്ങ് അന്വേഷിച്ചനുധാവനം ചെയ്യുന്നു; എന്നാൽ അങ്ങെ അന്വേഷിച്ചു വരുന്നവരിൽ നിന്ന് അങ്ങുതന്നെ അകന്ന് അപ്രത്യക്ഷനാകുന്നു.''

തന്നിൽ സായൂജ്യം പ്രാപിച്ചു നിത്യാനന്ദമനുഭവിക്കാൻവേണ്ടി മാത്രം മനുഷ്യാത്മാവിനെ സൃഷ്ടിച്ച ദൈവം അതിനെ ഒരിക്കലും ഉപേക്ഷിക്കയില്ല. തന്നെ അവഗണിച്ച് അതെന്തുമാത്രം തന്നിൽ നിന്നകന്നുപോയാലും അതു ജീവിക്കുന്നകാലം മുഴുവനും അവിടുന്നു സ്നേഹപൂർവ്വം അതിനെഅനുധാവനംചെയ്യുകയും ,സാവധാനത്തിലെങ്കിലുംഅതിനെ സ്വാധീനപ്പെടുത്താൻവേണ്ടിനിരന്തരംആകർഷിച്ചുകൊണ്ടിരിക്കയും ചെയ്യും. ആ ആകർഷണത്തിന് സ്വയം വിധേയമാകുന്ന ആത്മാവിന് അവിടുത്തെ സ്നേഹത്തിൻെറ അനുഭൂതി സിദ്ധിച്ചുതുടങ്ങും. അപ്പോാം ആ അനുഭൂതിയുടെ ഉന്നതതലങ്ങളിലേക്കുയരുവാൻ അതു ആവേശം കൊള്ളാതിരിക്കുകയില്ല.

എന്നാൽ ആ അഭിലാഷപൂർത്തി പൂർവ്വഘട്ടത്തിലേതു പോലെ അനുഭവവേദ്യമായിരിക്കയില്ല. ഇന്ദ്രിയാനുഭൂതിക്കതീതമായ ഉന്നതദാനങ്ങളാൽ ആത്മാവിൻെറ സത്തയെതന്നെ തന്നിലേക്കു രൂപാന്തരപ്പെടുത്തുകയാണ് ഈ ഉത്തരഘട്ടത്തിൽ സ്നേഹസ്വരൂപനായ ദൈവം ചെയ്യുന്നതു്. ശിശുക്കറാക്കുള്ള സ്തന്യത്തെക്കാറാ അധികം കട്ടിയുള്ളതും പോഷകാംശമടങ്ങിയതുമായ ഭക്ഷണം പ്രാപ്തിവന്നവക്കു ലഭിക്കുമ്പോാം, അതു ആദ്യത്തേതുപോലെ രുചി

കരമായിരിക്കയില്ലല്ലോ. അതുപോലെ ആധ്യാത്മികജീവിതത്തിൻെറ ഉത്തരഘട്ടത്തിൽ അനുഭൂതിയുടെ മാനദണ്ഡംമാത്രം വച്ചുനോക്കിയാൽ ദൈവസാന്നിദ്ധ്യം ഇല്ലെന്നു തോന്നിപ്പോകും. തന്നിമിത്തമാണു് മേലുദ്ധരിച്ചവണ്ണം വിശുദ്ധ അഗസ്റ്റിൻ പരിദേവനം ചെയ്യുന്നതു്.

ദൈവം ആത്മാവിനെ അന്വേഷിക്കുന്ന പൂർവ്വഘട്ടത്തിൻെറ വർണ്ണനയാണു് ഫ്രാൻസിസ് തോംപ്സണിൻെറ "നാകത്തെ നായ". ആത്മാവു ദൈവത്തെ അന്വേഷിച്ചു കണ്ടെത്തി സായൂജ്യസുഖമനുഭവിക്കുന്ന ഉത്തരഘട്ടത്തെ മൗതികമല്ലാനായ വിശുദ്ധ യോഹന്നാൻ ക്രൂസ്, "കർമ്മേൽശൈലാരോഹണം" "അധ്യാത്മികഗീത" (സ്നേഹഗാനം) "സജീവസ്നേഹജ്വാല" മുതലായ മൗതികകാവ്യങ്ങളിൽ വിശദമായി വിവരിക്കുന്നുണ്ടു്, അവയ്ക്കൊരു പ്രവേശകമെന്നു കരുതാം "നാകത്തെ നായ".

കാവ്യവിഭജനം

ഒന്നു്: (1–7) ദൈവത്തിൽനിന്നകലുവാൻ ആത്മാവു കഴിയുന്നത്ര ശ്രമിക്കുന്നു. ദൈവം പിന്തുടരുന്നു; ഒരു താക്കീതു കൊടുക്കുന്നു.

രണ്ടു്: (8–16) ദൈവത്തിൻെറ ആകർഷണം ഒരു വശത്തു്; അതിനു വിധേയമായാൽ സൃഷ്ടികളുടെ അനുഭവസുഖമെല്ലാം നഷ്ടമാകുമെന്നതെററിദ്ധാരണ മറുവശത്തു്; ഈ വിഷമസ്ഥിതിയിൽ വ്യഗ്രതയ്ക്കും വിനോദത്തിനും വേണ്ടി തൽക്കാലം പ്രപഞ്ചത്തിലേയ്ക്കുതന്നെ തിരിയുന്നു. വീണ്ടും ദൈവസ്വരം കേൾക്കുന്നു.

മൂന്നു്: (17–34) ദൈവത്തിൻെറ ആകർഷണത്തിൽ നിന്നൊഴിയാൻ നിവൃത്തിയില്ലാതെ ആത്മാവു ക്ലേശിക്കുന്നു. എങ്കിലും കീഴടങ്ങാതെ കഴിഞ്ഞുകൂടാമെന്ന പ്രതീക്ഷയോടുകൂടെ, ശിശുക്കളുടെ നിഷ്കളങ്കതയിലും പ്രപഞ്ചരഹസ്യങ്ങളുടെ അഗാധതയിലും അഭയംതേടാനുദ്യമിക്കുന്നു. ദൈവം അവിടെയും പിന്തുടരുന്നു; മൂന്നാമതും ശാസിക്കുന്നു.

നാലു്: (35–45) ഓട്ടം നിലയ്ക്കുന്നു; ആത്മാവു തിരിഞ്ഞുനിന്നു നിരുപാധികം ദൈവത്തിനു കീഴടങ്ങുകയും ജീവിതത്തെ ആകമാനം പരിശോധിച്ചു സ്വന്തം മൗഢ്യം മനസ്സിലാക്കി പശ്ചാത്തപിക്കുകയും ചെയ്യുന്നു. അനന്തരം രക്ഷാകരങ്ങളായ ചിന്തകൾവഴി ജീവിതനവീകരണത്തിനുദ്യമിക്കുന്നു.

അഞ്ചു്: (46–52) സ്നേഹത്തിൻെറയും സൗഭാഗ്യത്തിൻെറയും രഹസ്യം ദൈവം ആത്മാവിനെ ഗ്രഹിപ്പിക്കുന്നു. അതായതു്: "സ്വർഗ്ഗരാജ്യത്തേയും അതിൻെറ നീതിയേയും അന്വേഷിക്കുക; എന്നാൽ മററു സകല നന്മകളുടെയും അനുഭൂതിയും അതിൽതന്നെ സിദ്ധിക്കും''.

The Hound of Heaven

I

I fled Him, down the nights and down the days;
I fled Him, down the arches of the years;
I fled Him, down the labyrinthine ways
Of my own mind; and in the mist of tears
I hid from Him, and under running laughter.
Up vistaed hopes I sped;
And shot, precipitated,
Adown Titanic glooms of chasmed fears,
From those strong Feet that followed, followed after.
But with unhurrying chase,

And unperturbed pace,
Deliberate speed, majestic instancy,
They beat–and a Voice beat
More instant than the Feet–
'All things betray thee, who betrayest Me.'

II

I pleaded, outlaw-wise,
By many a hearted casement, curtained red,
Trellised with intertwining charities;
(For, though I knew His love Who followed,
Yet was I sore adread

Lest, having Him, I must have naught beside.)
But, if one little casement parted wide,
The gust of His approach would clash it to:
Fear wist not to evade, as Love wist to pursue.
Across the margent of the world I fled,
And troubled the gold gateways of the stars,
Smiting for shelter on their clanged bars;
Fretted to dulcet jars
And silvern chatter the pale ports o' the moon.
I said to dawn: Be sudden–to Eve: Be soon;

With thy young skiey blossoms heap me over
From this tremendous Lover–
Float thy vague veil about me, lest He see!
I tempted all His servitors, but to find
My own betrayal in their constancy,
In faith to Him their fickleness to me,
Their traitorous trueness, and their loyal deceit.
To all swift things for swiftness did I sue;
Clung to the whistling mane of every wind.
But whether they swept, smoothly fleet,

The long savannahs of the blue;
Or whether, Thunder-driven,
They clanged his chariot 'thwart a heaven,
Plashy with flying lightnings round the spourn o' their feet:-
Fear wist not to evade as Love wist to pursue.
Still with unhurrying chase,
And unperturbed pace,
Deliberate speed, majestic instancy,
Came on the following Feet,
And a Voice above their beat–

'Naught shelters thee, who wilt not shelter Me.'

III

I sought no more that after which I strayed
In face of man or maid;
But still within the little children's eyes
Seems something, something that replies,
They at least are for me, surely for me!
I turned me to them very wistfully;
But just as their youug eyes grew sudden fair
With dawning answers there,
Their angel plucked them from me by the hair.

'Come then, ye other children , Nature's-share
With me' (said I) your delicate fellowship;
Let me greet you lip to lip,
Let me twine with you caresses,
Wantoning

With our Lady-Mother's vagrant tresses,
Banqueting
With her in her wind-walled palace,
Underneath her azured dais,
Quaffing, as your taintless way is,

From a chalice
Lucent-weeping out of the dayspring.'
So it was done:
I in their delicate fellowship was one-
Drew the bolt of Nature's secrecies
I knew all the swift importings
On the wilful face of skies;
I knew how the clouds arise
Spumed of the wild sea-snortings:
All that's born or dies

Rose and drooped with; made them shapers
Of mine own moods, or wailful or divine;
With them joyed and was bereaven
I was heavey with the even,
When she lit her glimmering tapers
Round the day's dead sanctities.
I laughed in the morning's eyes
I triumphed and I saddened with all weather,
Heaven and I wept together,
And its sweet tears were salt with mortal mine;
Against the red throb of its sunset-heart

I laid my own to beat,
And share commingling heat;
But not by that, by that, was eased my human smart.
In vain my tears were wet on Heaven's grey cheek.
For ah! we know not what each other says,
These things and I; in sound *I* speak-
Their sound is but their stir, they speak by silences.
Nature, poor stepdame, cannot slake my drouth;
Let her if she would owe me,

Drop yon blue bosom-veil of sky, and show me
The breasts o' her tenderness:
Never did any milk of hers once bless
My thirsting mouth.
Nigh and nigh draws the chase,
With unperturbed pace,
Delibrate speed, majestic instancy;
And past those noised Feet
A voice comes yet more fleet–
'Lo! naught contents thee, who content'st not Me.'

IV

Naked I wait Thy love's uplifted stroke!
My harness piece by piece Thou hast hewn from me,
And smitten me to my knee;
I am defenceless utterly.
I slept methinks, and woke,
And, slowly gazing, find me stripped in sleep.
In the rash lustihead of my young powers,
I shook the pillaring hours
And pulled my life upon me; grimed with smears
I stand amid the dust o' the mounded years–

My mangled youth lies dead beneath the heap.
My days have crackled and gone up in smoke,
Have puffed and burst as sun-starts on a stream.
Yea, faileth now even dream
The dreamer, and the lute the lutanist;
Even the linked fantasies, in whose blossomy twist
I swung the earth a trinket at my wrist,
Are yielding; cords of all too week account
For earth with heavy griefs so overplussed.
Ah! is Thy love indeed

A weed, albeit an amaranthine weed,
Suffering no flowers except its own to mount?
Ah! must–

Designer infinite :–
Ah! must Thou char the wood ere Thou canst limn with it ?
My freshness spent its wavering shower i' the dust;
And now may heart is as a broken fount,
Where in tear-drippings stagnate, split down ever
From the dank thoughts that shiver
Upon the sighful branches of my mind.

Such is; what is to be ?
The pulp so bitter, how shall teste the rind ?
I dimly guess what Time in mists confound;
Yet ever and anon a trumpet sounds
From the hid battlements of Eternity;
Those shaken mists a space unsettle, then
Round the half-glimpsed turrets slowly wash again.
But not ere him who summoneth
I first have seen; enwound
With glooming robes purpureal, cypress-crowned;

His name I know, and what his truempet saith.
Whether man's heart or life it be which yields
Thee harvest, must Thy harvest-fields
Be dunged with rotten death ?

V

Now of that long pursuit
Comes on at hand the bruit;
That Voice is round me like a bursting sea;
'And is thy earth so marred,
Shattered in shard on shard ?
Lo, all things fly thee, for thou fliest Me!
Strange, piteous, futile thing !

Wherefore should any set thee love apart ?
Seeing none but I makes much of naught' (He said)
'And human love needs human meriting :
How hast thou merited–
Of all man's clotted clay the dingiest clot ?
Alack, thou knowest not

How little worthy of any love thou art !
Whom wilt thou find to love ignoble thee,
Save Me, only Me ?

All which I took from thee I did but take,
Not for thy harms,
But just that thou might'st seek it in My arms,
All which thy child's mistake
Fancies as lost, I have stored for thee at home :
Rise, clasp My hand, and come !'
Halts by me that footfall :
Is my gloom, after all,
Shade of His hand, outstretched caressingly ?
'Ah, fondest, blindest, weekest,

I am He Whom thou seekest !
Thou dravest love from thee, who dravest Me.'

നാകത്തെ നായ

ഭാഗം ഒന്നു്

(കാകളി)

1

ഓടി ഞാൻ രാപകൽ,ലോടിയധോഗതി,—
യോടി ഞാനങ്ങയിൽ നിന്നുമകന്നിടാൻ;

2

ഓടി ഞാൻ കാലം കടക്കുമബ്ദങ്ങളാ—
മോരോ കവാടവും പിന്നിട്ടതിദ്രുതം;

3

ഓടിഞാനെൻ മനസ്സിൻെറ വക്രങ്ങളാ—
മൂടുവഴികളിലൂടെക്കറങ്ങിയും;

4

ബാഷ്പോദിതഹിമംതന്നിലങ്ങിൽനിന്നൊ—
രല്പമൊളിച്ചിരിക്കാൻ പണിപ്പെട്ടു ഞാൻ

5

നശ്വരഭോഗങ്ങളോരോന്നിലും ക്രമാ—
ലാശ്വാസമേല്പവാനാശ്രയംതേടവെ

6

ഭീകരം കൂരിരുഠം തിങ്ങിനിറഞ്ഞൊരു
ഭീമഗര്‍ത്തത്തില്‍ കിഴമേല്‍ പതിച്ചുഞാന്‍.

7

നിര്‍ദ്ദിഷ്ടനീക്കമൊടക്ഷീണവേഗത്തില്‍,
നിശ്ചിതലക്ഷ്യമൊടക്ഷോഭ്യഭാവത്തില്‍
പ്രാഭവമോടെന്നെപ്പിന്തുടര്‍ന്നീടുമ-
പ്പാദശബ്ദോപരികേഠക്കായൊരുസ്വരം:
"എന്നെ നീ വിട്ടകന്നീടുന്നുവല്ലയോ?
നിന്നെയും വിട്ടകന്നീടും സമസ്തവും"

ഭാഗം രണ്ടു്

(കാകളി)

8

ഞെട്ടിഞാനൊന്നുടന്‍,—എങ്കിലുമേതുമെ
കേട്ടതുപോലുമില്ലെന്നു മന്മാനസം
ഉള്ളിന്‍െറ പക്ഷങ്ങളായിട്ടുംചെന്നിറ-
ക്കള്ളികഠക്കുള്ളിലൊളിക്കാന്‍ശ്രമിക്കയായ്.

9

"പിന്തുടര്‍ന്നീടുന്ന സ്നേഹമേ! നിന്നെ ഞാ-
നന്തരംഗത്തേക്കു സ്വാഗതം ചെയ്യുകില്‍

സ്വന്തമാംസർവ്വവും സന്ത്യജിക്കേണ്ടയോ?
ഹന്ത! ചിന്തിക്കുവാൻപോലുമാളല്ലഞാൻ.''

10

എന്നാലൊരുള്ളറയങ്ങേടുമേകിടാ—
മെന്നതിൻവാതിൽ ഞാൻ മെല്ലെത്തുറക്കുകിൽ
വന്നടുക്കുന്ന തൻ മാരുതവീചികൾ
വന്നതു തൽക്ഷണം തള്ളിയടച്ചുയായ്!
തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
പേടിച്ചുശേഷിയില്ലോടിയൊളിക്കുവാൻ.

(മഞ്ജരി)

11

ഓട്ടം തുടർന്നു ഞാൻ ചക്രവാളത്തെയും
വിട്ടുയരുന്നംബരവീഥി തന്നിൽ
താരങ്ങൾ തന്നുള്ളിൽകേറിയൊളിക്കുവാ—
നോരോന്നിലും ചെന്നു മുട്ടിനോക്കി;
പൂട്ടിക്കിടന്നോരു വാതിലിൻ പൊന്നഴി
പൊട്ടുമോയെന്നുകുലുക്കിനോക്കി,
കിട്ടാഞ്ഞൊളിവിടമാശാഭരിതനായ്
മുട്ടി ഞാൻ തിങ്കളിൻ വെള്ളിവാതിൽ;
ആലോലശിഞ്ജിതലോലധ്വനിമാത്രം,
ആരും തുറന്നില്ലതുള്ളിൽനിന്നും,

12

''വന്നിട്ട,വന്നിട്ട''കെന്നു വിളിച്ചു ഞാൻ
പൊന്നുഷസ്സിനെന്നെയുമന്തിയേയും.
''പൊങ്ങിപ്പരക്കുന്നമഞ്ഞെന്നവസ്ത്രത്താ—
ലങ്ങെന്നെ കാണാതെ മൂടുവേഗം:''
''വാനെന്ന വൃക്ഷമേ! മേഘങ്ങളാംനിൻെറ
സൂനങ്ങളാലെന്നെ മൂടുവേഗം;
ഭീകരനായൊരീ സ്നേഹിതനിൽനിന്നും
ഹാ! കനിഞ്ഞെന്നെയൊളിച്ചുവയ്ക്കൂ!''

13

പാദംഭജിക്കുംതൻസേവകരോടെല്ലാം
ചോദിച്ചോരാലംബമേകുവാൻ ഞാൻ
ഈശ്വരസേവാനിരതരെൻ യാചന
ലേശം ശ്രവിക്കാൻ തുനിഞ്ഞുമില്ല.
നാണിച്ചുപോയി ഞാൻ, സ്രഷ്ടാവിനോടവർ
കാണിച്ചിടുന്ന വിശ്വസ്തതയാൽ;
എന്നാലുമേവംവിഗണിച്ചിടുന്നല്ലോ
സുന്ദരമാമിപ്രപഞ്ചമെന്നെ!

14

ഓട്ടം തരിപ്പിക്കാൻ മറ്റൊരുമാർഗ്ഗവും
കിട്ടാഞ്ഞു, വിണ്ണിൻപരപ്പിലെങ്ങും

ചൂളമടിച്ചുപറക്കും മരുത്തിന്റെ—
യോളങ്ങളൊത്തുഞാൻ സഞ്ചരിച്ചു.

(കാകളി)

15

മാനത്തിൻവിസ്തൃതമൈതാനമെങ്ങെങ്ങും
മാരുതൻലാഘവം പൂണ്ടു ചരിക്കിലും,
നീരദനിർഭരമായങ്ങുപോകുന്ന
തേരിന്നകമ്പടി സേവിച്ചുനില്ക്കിലും,
ഘോരമാം മേഘനിർഘോഷമൊട്ടംസ്പൃർജ്ജ—
പൂരമൊട്ടം മെല്ലെമെല്ലെഗ്ഗമിക്കിലും
തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
പേടിയ്ക്കു ശേഷിയില്ലോടിയൊളിക്കുവാൻ.

16

വിട്ടില്ല, വിട്ടിടാൻ ഭാവവുമില്ലെന്നു
കേട്ടുഞാൻ പിന്നുടന്നീടും പദസ്വനം;
നിർവ്വിഘ്നനീക്കവുമക്ഷീണവേഗവും,
നിശ്ചിതലക്ഷ്യവുമക്ഷോഭ്യഭാവവും,
പ്രാഭവദീപ്തിയുമുൽകർഷമേററവും
പ്രാപിച്ചുയർന്നിടും പാവനനാദവും:
"എന്നെന്നീ സ്വാഗതം ചെയ്യുകില്ലല്ലയോ?
നിന്നെയും സ്വാഗതം ചെയ്യുകില്ലാരുമെ."

ഭാഗം മൂന്നു്

(പാന)

17

"ആരുമാലംബമേകയില്ലെങ്കിൽ ഞാ–
നാശ്രയിക്കുന്നുമില്ലിനിയാരെയും;
ആക്കുമെന്നിലില്ലാദരമെങ്കിലോ
നേക്കുനോക്കുന്നുമില്ലിനിയാരെയും.
പ്രാപ്തിവന്നവരാരൊട്ടുമീവാഴ്‌വിൽ
സാധ്യവുമല്ലസഖ്യം പുലർത്തുവാൻ.

18

ഏവമുള്ളിലുറച്ചുവിഷാദമൊ–
ടാവഴിമെല്ലെ മുമ്പോട്ടു നീങ്ങവെ
കന്മഷമററ കുഞ്ഞുപൈതങ്ങൾതൻ
കണ്മുനകളിൽ മിന്നുന്ന സ്വാഗതം
ഉണ്ണികളവരെങ്കിലുമേകിട്ടു–
മുള്ളിനാനന്ദമെന്നുനിനച്ചു ഞാൻ.

19

വന്നുദിച്ചൊരുന്മേഷവുമെന്നിൽ, ഞാൻ
ചെന്നവരുമൊത്തുല്ലസിച്ചീടുവാൻ,
നിഷ്കളങ്കരറിഞ്ഞതില്ലേതുമെ–
ന്നാൾക്കളത്തിലെ വക്രസരണികൾ.

വർജ്ജ്യനെന്നറിയാതെന്നിലുള്ളഴി—
ഞ്ഞക്ഷിയുഗ്മകം തുകിത്തുടങ്ങവെ
വന്നു വാനവൻ ക്രുന്തൽ പിടിച്ചെട്ട—
ത്തെന്നിൽ നിന്നുമകററി കുഞ്ഞുങ്ങളെ.

(അന്നനട)

20

''വരിൻ, വരിൻ, എന്നാൽ, സഹജരേ! നിങ്ങൾ
പ്രപഞ്ചനാഥതൻ പ്രസന്നവത്സരേ!
ഇഹത്തിലേവരും കൊതിച്ച നിങ്ങടെ
സഖിത്വസൗഭഗമെനിക്കുമേകുവിൻ!

21

''അടുത്തു വന്നണിച്ചുവപ്പുചുണ്ടു ചു—
ണ്ടണച്ചു സ്വസ്തിഞാനരുളിടട്ടെയോ?
അണഞ്ഞു ഗാഢമായ് കരങ്ങൾ മേനിമേൽ
വരിഞ്ഞുനിങ്ങളെപ്പുണർന്നിടട്ടെയോ?
കുളിർനിറുകമേലലഞ്ഞു ചിന്നിടും
കുറുനിരകളെത്തലോടിടട്ടെയോ?

22

''പടർന്നു പാറിടും പ്രസൂകരിങ്കുഴൽ
വിടപികൾ തന്നിൽ വിഹരിച്ചീടുവാൻ
ഗമിക്കും നിങ്ങളെയനുഗമിക്കുവാ—
നെനിക്കുമാശയുണ്ടറിഞ്ഞുകൊള്ളുവിൻ.

23

''വിശാലനീലമാം വിഹായസ്സിന്നുകീഴ്
വിഭവനിർഭരവിരുന്നുശാലയിൽ
വിളമ്പിഭോജനം ജനിത്രിനിങ്ങളെ
വിളിക്കവെ നിങ്ങൾ ക്ഷണിക്കുകെന്നയും;
വിഭാതമേകിടും വളർക്ഷമൗക്തികാ—
വിഭൂതി തിങ്ങിടും ഗിരീതടങ്ങളിൽ
വിടർന്നുവന്നിടുമുറവിടങ്ങളിൽ
വിളിക്കുകെന്നെയുംസ്വദിക്കുവാൻ ജലം.''

24

ഇരന്നു ഞാനിദംമൊഴിഞ്ഞൊരിംഗിത—
മറിഞ്ഞുവത്സലർ പ്രപഞ്ചനന്ദനർ;
ഗണിച്ചുസാദരം സഹോദരസമം
ഗണത്തിലെന്നെയും ഗ്രഹിച്ചുകൊണ്ടവർ.
മഹത്സ്സെഴുന്നൊരീ പ്രപഞ്ചമന്ദിര—
രഹസ്യമൊക്കെയും പഠിച്ചറിഞ്ഞിടാൻ
തുറന്നബദ്ധമാം കവാടമുള്ളിൽ ഞാൻ
കടന്നു സോദരഗണത്തൊടൊത്തഹോ!

(കേക)

25

ഉല്ലസിച്ചുയർന്നിടും
കല്ലോലനിര തമ്മിൽ

തല്ലി ഗർജ്ജിച്ചു വെള്ളി—
വെൺനുര ചിന്നുന്നതും,
നീരദനിര തിങ്ങി
നീലവാനത്തെങ്ങുമെ
നീലിമ ചാർത്തുന്നതും
നീളെ ഞാൻ നിരീക്ഷിച്ചു.

26

പുല്ലണങ്ങീടുന്നതും
വല്ലികൾ വാടുന്നതും,
ഫുല്ലപുഷ്പങ്ങൾതാനേ
മെല്ലവെ കൂമ്പുന്നതും
ജന്തുവർഗ്ഗങ്ങൾജനി—
ച്ചന്തരിച്ചീടുന്നതും
സന്തോഷം ഹനിച്ചെന്നിൽ
സന്താപം ജനിപ്പിച്ചു.

27

സന്ധ്യ, വാസരത്തിന്റെ
പ്രേതമഞ്ചത്തിൻ ചുറ്റും
പൊന്തി ഭാസിക്കും താരാ—
ദീപങ്ങൾ കൊളുത്തവെ

29

അന്തരംഗത്തിൽ വാശ്ശും
സന്താപം സഹിച്ചുകൊ-
ണ്ടന്തികമണഞ്ഞു ഞാൻ
സാന്ത്വനമവരാംക്കോതാൻ.

28

പൊന്നുഷസ്സുദിക്കവെ
മന്ദഹാസം പൂണ്ടെതിർ
ചെന്നു ഞാൻ ദിനം തോറും
ചൊന്നിടാനഭിവാദ്യം

29

ഇഷ്ടഹേമന്തം നൽകും
തുഷ്ടിയൊക്കെയും ശീഘ്രം
നഷ്ടമായയഹോ ശ്യാമ-
വൃഷ്ടിദവിഷാദത്താൽ.

30

വിണ്ണിനോടൊപ്പം ഞാനും
കണ്ണുനീർ ചൊരിഞ്ഞെന്നാ-
ലെന്നുടേതതിൻേറതി-
ലപ്പുനീരല്ലോ ചേർത്തു!

31

ചെന്നിറത്തുടിപ്പോടെ
ചെന്നു വാരിധിതന്നിൽ
ചേർന്നിടും വാനിൻ ഹൃത്തോ—
ടെന്നുടെ ഹൃദയവും
ഒന്നുചേർത്തിണയാക്കി
വച്ചു ഞാനതിൻ ചൂടിൽ
നിന്നുചൈതന്യം നേടി
സ്പന്ദിച്ചു തുടിക്കുവാൻ

(കാകളി)

32

എന്നിട്ടു,മെന്നിട്ടുമെന്നുള്ളിലേതുമേ
വന്നില്ല, വന്നില്ല വാഞ്ഛന്ന വാഞ്ഛരിതം
വിണ്ണിൻ വിളറും കപോലങ്ങളിലെൻെറ
കണ്ണുനീർ വ്യത്ഥമായ് ചിന്തിയൊഴുക്കിഞാൻ.
മന്നിൽ വിളങ്ങും വിഭവങ്ങളൊന്നിനും
ചൊന്നിടാൻ ശേഷിയില്ലെന്നോടൊരക്ഷരം
ഉള്ളു തുറന്നു ഞാൻ ചൊല്ലുന്നതിന്നൊന്നു—
മില്ലുത്തരം മൂകതാരള്യമെന്നിയെ

33

കേവലം ചിററമ്മയാമീപ്രപഞ്ചത്തി—
നാവില്ല മാമക തൃഷ്ണയടക്കുവാൻ;

31

പെററമ്മയെങ്കിലാ വാനനീലാംശുകം
മാററിയൊന്നേകട്ടെ വക്ഷോജമുണ്ണുവാൻ;
വററിവരളുമെൻ നാവിലിന്നോളവു–
മൊററക്കണംപോലുമിററിച്ചതില്ലിവരം.

34

പിന്തുടർന്നീടുന്ന പാദങ്ങരം വന്നെൻെറ–
യന്തികമെത്തിക്കഴിഞ്ഞിതിന്നുള്ളിലായ്;
നിർദ്ദിഷ്ടനീക്കമൊടക്ഷീണവേഗത്തിൽ,
നിശ്ചിതലക്ഷ്യമൊടക്ഷോഭ്യഭാവത്തിൽ,
പാദസ്വനത്തെയും ഭേദിച്ചുമുന്നോട്ടു
പായുന്ന പാവന നാദവും കേരംക്കയായ്:
"സംതൃപ്തി നീയെനിക്കേകുകില്ലല്ലയോ?
സംതൃപ്തി നീയുമെ നേടുകില്ലൊന്നിലും."

ഭാഗം നാലു്

(കേക)

35

ഉരംക്കനിവാർന്നെന്നുടെ
നേക്കു നീ നീട്ടും തവ
തൃക്കരപാതത്തിന്നു
നഗ്നനായ് നിൽക്കുന്നു ഞാൻ!

വലിച്ചു കീറി നീയെൻ
  കവചമുരിഞ്ഞല്ലോ,
അടിച്ചു നിലത്തെന്നെ
  കവിഴ്ത്തിവീഴിച്ചല്ലോ.
ഇല്ലെനിയ്ക്കിനിയേതും
  രക്ഷ നിൻകൈയിൽനിന്നും
വല്ലഭാ! നിൻ മുമ്പിൽഞാൻ
  നിശ്ശേഷം നിരായുധൻ!

36

നിദ്രയിൽ ലയിച്ചു ഞാ—
  നല്പമിരുന്നുപിന്നീ—
ട്ടുത്ഥിതനായെന്നുടെ
  നഗ്നത നിരീക്ഷിച്ചു.
യൌവ്വനത്തിൻെറയൂററ—
  മുണർന്നു വീണ്ടും ശക്തി
കൈവരാൻ കരുതീട്ടു
  ചെററു ചിന്തിച്ചശേഷം
ജീവിതസൌധം താങ്ങും
  കാലമാം തൂണിൽ പിടി—
ച്ചാകവെ കുലുക്കി ഞാൻ
  തകർത്തു താഴത്തിട്ടു!

37

കടന്ന കാലത്തിൻെറ
പൊടിഞ്ഞ ശിഷ്ടങ്ങളിൻ
നടുവിൽ നിൽക്കുന്നു ഞാൻ
മുഷിഞ്ഞ മേനിയുമായ്;
തകർന്ന കുമ്പാരത്തി—
ലടിഞ്ഞു കിടക്കുന്നെൻ
കഴിഞ്ഞ ഭോഗഭൂക്കാം
വയസ്സിൻ ചാപല്യങ്ങരം,
കരിമരുന്നു കത്തി—
ക്കഴിയുമ്പോളെന്നപോൽ
കഴിയുന്നെൻ നാളുകരം
പൊരിയും പുകയുമായ്;
തരളതടിനിയി—
ലരുണകിരണങ്ങരം
വിരചിച്ചിടും രേഖാ—
നിര നീങ്ങും പോലെയും!

(മാരകാകളി)

38

സ്വപ്നസ്സുഖങ്ങരം വെടിയുന്നു, കഷ്ടമെ!
സ്വപ്നത്തിലാണ്ടിരുന്നോനെ!

34

വേണുവും വൈണികനോടിണങ്ങാതിതാ
കപ്രാണമററു കിടക്കുന്നു!

39

ഭാവനപ്പൂക്കരം തൊട്ടുത്തു ഭൂഗോളത്തെ
പാവഞ്ഞാനാട്ടിയ സൂത്രം
ലോകശോകത്തിൻെറ ഭാരം വഹിക്കുവാ—
നാകയില്ലെന്നററുപോയി!

40

മററു പുഷ്പങ്ങരം മുതിർന്നു വിലസിടാൻ
ചെററുമേ സമ്മതിക്കാത്ത
കേതകപ്പുഷ്പമോ—വാടാത്തതെങ്കിലും,
സ്നേഹിതാ നിന്നുടെ സ്നേഹം?

41

അത്യധികം വ്യഥ ചേർത്തുവിറകിനെ—
നിത്യദൈവ ചിത്രകാരാ!
ചിത്രം വരയ്ക്കാൻ കരിക്കുവേണ്ടീട്ടിദം
കത്തിച്ചെരിക്കുക വേണോ?

42

ജീവിതോഷസ്സിൻ വിലാസാഞ്ജനം വൃഥാ
തൂവി ഞാൻ, കഷ്ടമെ, മണ്ണിൽ.

ദുഷ്ടനാമെന്നുടെ ഹൃത്തടമിന്നൊരു
പൊട്ടക്കിണറിനു തുല്യം!
രക്ഷാകരങ്ങളാം ചിന്തകളുള്ളിൻെറ
പക്ഷങ്ങളിൽ നിന്നു കണ്ണീർ
തുള്ളിയായ് തുള്ളിയായ് വീഴ്ത്തുന്നതിക്കണ്ടി–
നുള്ളിൽ വീഴുന്നുറയുന്നു.

43

ചിന്തകൾ ചൂഴുന്ന സന്താപമേറുന്നെ–
ന്നന്തരംഗം വിറയ്ക്കുന്നു.
ഈവിധമിന്നെങ്കിലെന്തെന്തു ദുസ്സഹം
ഭാവി കൊണ്ടുവരും കൂരം!
തിക്തകത്തിൻ കഴമ്പിത്ര കൈയ്ക്കുന്നെങ്കി–
ലെത്രമാത്രമതിൻ ചർമ്മം!
ഭാവിയാം മഞ്ഞിൽ മറഞ്ഞിരിക്കുന്നതും
കേവലമിന്നെനിക്കൂഹ്യം.

44

കാഹളനാദം മുഴങ്ങുന്നിടയ്ക്കിടെ
നാകദുർഗ്ഗങ്ങളിൽ നിന്നും,
ധൂമം കണക്കുയർന്നീടും ഹിമത്തെയും
ഭേദിച്ചണയുന്നെൻ കാതിൽ

മെല്ലെത്തുറന്നടഞ്ഞീടും വിടവുകരം-
ക്കുള്ളിലൂടെയഹോ കാണായ്
കാഹളമൂതിയെന്നെ വിളിക്കുന്നൊരാ
ശോകസമ്പൂർണ്ണമാം രൂപം;
ബന്ധിതൻ, മുരംമൂടി ചൂടുവോൻ, ശോണിത-
പങ്കിലാങ്കീധരൻ, നിന്ദ്യൻ.
എന്തുതൻ പേരെന്നറിഞ്ഞു ഞാൻ മുന്നമേ,
എന്തുതൻ കാഹളമെന്നും:

45

''മാനവജീവിതം,—മാനവഹൃത്തട-
മായിടും നൽ വിളഭൂമി
ഏകുവാൻ നൽ വിള,വേകു നീ നൽവളം,
—ചാകു നീ, ചാണകമാകു!''

ഭാഗം അഞ്ച്

(തരംഗിണി)

46

നിരവധി നാളായ് തിരയും നാദമ-
തരികിലണഞ്ഞുകഴിഞ്ഞല്ലോ.
വലയം ചെയ്യുന്നാരവമിവനെ
മലയുരുരം പൊട്ടി വരുംവണ്ണം.

(ഉപസർപ്പിണി)

47

❛❛ധരയിതെന്തു നിനക്കിനി? നോക്കുക!
തരിതരിപ്പണമായിത്തകർന്നതോ?

48

❛❛സകല വസ്തുവും സന്ത്യജിപ്പൂ നിന്നെ
അകലുകയാൽ നീയെന്നിൽ നിന്നിന്നോളം!
ചപല! നിർഗ്ഗുണ! നിസ്സഹായ! നിന്നിൽ
ശകലമാദരമാരെന്തു കാട്ടുവാൻ?
ഒരു വിശേഷവുമേശിടാതുള്ളവ–
യ്ക്കുരുളുവോൻ മേന്മ ഞാനല്ലാതാരുവാൻ?

49

❛❛മനുജനർഹത നേടുക വേണ്ടയോ
സഹജരിൽനിന്നും സ്നേഹം പ്രതീക്ഷിക്കാൻ?
ചെളിയിലെന്തഹോ സ്നേഹത്തിന്നർഹത?
ചെളിയല്ലല്ലീ നീ ഹീനമാം പാഴ്ച്ചെളി?
ചെറുതുമർഹത സ്നേഹത്തിനില്ലെന്നോ–
രറിവുമില്ലഹോ തെല്ലുമേ നിന്നുള്ളിൽ.
പറക, ഞാനെന്യേ, ഞാൻ മാത്രമെന്നിയെ
പരമനീചാ! നിൻ മിത്രമാരൂഴിയിൽ?

50

''സകലവും ഞാനെടുത്തു നിന്നിൽനിന്നെൻ
കരയുഗം തന്നിൽ നീയവ തേടുവാൻ.
ഒരുവിധത്തിലും നിന്നെ ദ്രോഹിക്കുവാൻ
കരുതിയില്ലന്നു കാരുണ്യവാനാം ഞാൻ.
ഒരുവകയ്ക്കുമില്ലന്തര,മൊക്കെ ഞാൻ
കരുതിയിട്ടുണ്ടു നിത്യനിവാസത്തിൽ.
എഴുക, കൈപിടിച്ചെന്നൊടുമൊത്തു നീ
വരിക, സർവവും സ്വന്തമാക്കീടുക.''

(തരംഗിണി)

51

പിടിക്കുവാൻ പിന്തുടരും പദരവ—
മടുക്കലെത്തി നിലച്ചല്ലോ;
മനോവിഷാദം തലോടിടും തൻ
കരങ്ങളിൻ ലഘു നിഴലല്ലോ.

(ഉപസർപ്പിണി)

52

''അരുമ വത്സല! വഞ്ചിത! ദുർബല!
അറിക,ഞാൻതന്നെ നീ തിരഞ്ഞീടുവോൻ.
അകലെയെന്നെയകററി നീ; കാൺക! നി—
ന്നകതലംസ്നേഹശൂന്യം! അയ്യോ! ശൂന്യം!!''

വ്യാഖ്യാനം.

ഭാഗം ഒന്നു്

പാപത്തിൻെറ കലുഷതയാലും ഭാരത്താലും ക്ലേശിക്കുന്ന ആത്മാവിനു ദൈവസാന്നിദ്ധ്യസ്മരണതന്നെ ദുസ്സഹമാണു്; സാക്ഷാൽ സ്നേഹസ്വരൂപനായ അവിടുത്തെ സാന്നിദ്ധ്യം പ്രചണ്ഡവും ഭീകരവുമെന്നാണു് ആത്മാവിന്നനുഭവപ്പെടുന്നതു്; അതിൽനിന്നു രക്ഷപ്പെടാൻ ഓട്ടമല്ലാതെ മാർഗ്ഗാന്തരമൊന്നുമില്ല.

1. 'ഓടിഞാ,നോടിഞാൻ' എന്ന ആവർത്തനവും 'രാപക'ലും ദൈവത്തിൽ നിന്നകന്നു നിൽക്കുന്നതിനുള്ള ദൃഢനിശ്ചയത്തേയും അതിലുള്ള സ്ഥിരതയേയും ദ്യോതിപ്പിക്കുന്നു. ഓട്ടം 'അധോഗതി'യാണു്; അതിൻെറ ഫലം, ജീവിതലക്ഷ്യത്തിൽ നിന്നുള്ള അധഃപതനമെന്നു സാരം.

2. ഈ ഓട്ടം തുടങ്ങിയിട്ടു വത്സരങ്ങൾ അനേകം കഴിഞ്ഞിരിക്കുന്നു. ഓരോ വത്സരത്തേയുമാണു് ഓരോ കവാടമെന്നു രൂപണം ചെയ്തിരിക്കുന്നതു്.

3. വക്രബുദ്ധിയുടെ ചിന്താസരണിയിലെങ്ങും ഒളിക്കാൻ സങ്കേതമോ വിശ്രമമോ ലഭിക്കാതെ ചുററിക്കറങ്ങുകയാണു്.

4. ബാഷ്പം=കണ്ണുനീരു്; വിഷാദത്തിൻെറയും വിലാപത്തിൻെറയും കണ്ണുനീരിൽ നിന്നുയരുന്ന നീരാവിയുള്ളിൽ മൂടൽമഞ്ഞിലെന്നപോലെ ഒളിച്ചിരിക്കുന്നതുകൊണ്ടും ആശ്വാസമൊന്നും ലഭിക്കാനില്ല.

5. വിഷാദത്തിലെന്നപോലെ വിനോദത്തിലും സന്തുഷ്ടിയൊന്നും ശാശ്വതമല്ല. മാറിമാറി എത്ര പരീക്ഷിച്ചുനോക്കിയാലും എല്ലാം നശ്വരമെന്നാണനുഭവം.

6. അസംതൃപ്തി, നൈരാശ്യം, ദുരന്തദുരിതം ഇവയത്രേ ദൈവത്തിൽ നിന്നുള്ള ഓട്ടത്തിൻെറ പരിണിതഫലങ്ങൾ.

7. കാട്ട കയറിയ ആടിനെ അന്വേഷിച്ച പോകുന്ന കരുണാർദ്രഹൃദയനാണ ദൈവം. ആത്മാവന്വേഷിക്കുന്ന സൗഭാഗ്യം, തന്നിൽ സായൂജ്യം പ്രാപിക്കുന്നതിൽ മാത്രമാണവിടുന്ന നിക്ഷേപിച്ചിരിക്കുന്നതു്; മറെറങ്ങുമതു സിദ്ധിക്കയുമില്ല. തന്മൂലം തന്നിൽനിന്നകന്നോടുന്ന ആത്മാവിനു് അതന്വേഷിക്കുന്ന സൗഭാഗ്യം പ്രദാനം ചെയ്യുവാൻ അവിടുന്നതിനെ അനുധാവനം ചെയ്യുന്നു. 'നിശ്ചിതലക്ഷ്യം, 'നിർദ്ദിഷ്ടനീക്കം' 'അക്ഷീണവേഗം' 'അക്ഷോഭ്യഭാവം'— ഇവയെല്ലാം അവിടുത്തെ അന്വേഷണത്തിൻെറ ഗുണവിശേഷങ്ങളാണു്. കേവലം നിസ്സാരമായ ഒരു സൃഷ്ടിയെ ഇങ്ങനെ പിന്തുടരുന്നതിൽ അവിടുത്തെ പ്രാഭവത്തിനു യാതൊരു ലോപവും സംഭവിക്കുന്നില്ല. മൗനംകൊണ്ടോ കൗശലംകൊണ്ടോ ആത്മാവിനെ പാട്ടിലാക്കാനല്ല അവിടുത്തെ ഉദ്യമം. പിന്നിൽ നിന്നുവിളിച്ചു് കാര്യം നേരെയങ്ങുപറയും. അവിടുന്നൊരു വാക്കുച്ചരിച്ചാൽമതി, ഫലം പ്രത്യക്ഷമായിരിക്കും. അവിടുത്തെ ശബ്ദം ചൈതന്യപൂർണ്ണവും ഇരുവായ്ത്തലവാളിനേക്കാരം മൂർച്ചയേറിയതും സന്ധികളേയും മജ്ജയേയും ആത്മാവിനെപ്പോലും ഭേദിക്കാൻ ശക്തിയുള്ളതും ഹൃദയത്തിൻെറ വിചാരങ്ങളെയും നിയോഗങ്ങളേയും പരിശോധിക്കുന്നതുമാകുന്നു. (എബ്രാ. VI, 12) തൻെറ പ്രാഭവത്തെയെല്ലാമതിശയിക്കുന്ന വ്യക്തസ്വരത്തിൽ അവിടുന്നു താക്കീതു നൽകുകയാണു്: "എന്നെ നീ.... സമസ്തവും." എന്നു്.

ഭാഗം രണ്ടു്

ദൈവവചനം, അതിൽതന്നെ എത്ര ഫലപ്രദമായിരുന്നാലും, അതിനു യഥാർത്ഥമായി ഫലസിദ്ധിയുണ്ടാകുന്നതു് ആത്മാവു സ്വതന്ത്രമായി അതു സ്വീകരിക്കുമ്പോഠംമാത്രമാണു്. അസാധാരണമായ ഈശ്വരപ്രസാദത്തിൻെറ പ്രേരണയാൽ ഒരു നിമിഷംകൊണ്ടു് വിശുദ്ധ പൌലോസിൻെറ മാനസാന്തരംപോലെ, ആ സ്വതന്ത്രസഹകരണം സാധിക്കുമെങ്കിലും, സാധാരണമായി അതു

വളരെ സാവധാനമാണുസംഭവിക്കുക.മനുഷ്യസ്വഭാവത്തിന്റെ സഹജങ്ങളായ ദൗർബല്യങ്ങളും, അധർമ്മത്തിലേയ്ക്കുള്ള പ്രവണതയും ദുശ്ശീലങ്ങളുമാണ് ഈ വിളംബത്തിനു കാരണം. എന്നാൽ സാവധാനമെങ്കിലും ആ പ്രവർത്തനമൊന്നാരംഭിക്കാനിടയാകുന്നപക്ഷം വലിയൊരു ഭാഗ്യം തന്നെയാണത്. ദൈവം കരുണാപൂർവ്വം ഉച്ചരിക്കുന്ന ശാസനാവചനത്തിന്റെ പൂർണ്ണഫലം തൽക്ഷണം കണ്ടില്ലെങ്കിലും അതു തീരെ ഫലശൂന്യമായിരിക്കയില്ല. ഏതോ ഒരു പരിവർത്തനത്തിന്റെ പ്രാരംഭം അതിലുണ്ട്. ആ പ്രാരംഭമാണ് 'ഞെട്ടിഞാനൊന്നുടൻ' എന്നതിലെ സൂചിതം. എന്നാൽ ആ ഞെട്ടലിനെ വകവയ്ക്കാതെ മുന്നോട്ടുതന്നെ ഗതി തുടരാൻ ആത്മാവു ശ്രമിക്കുന്നു.

8. സൃഷ്ടികളോടുള്ള സ്നേഹ(പക്ഷ)മാണല്ലോ ദൈവത്തിൽ നിന്നകലുവാൻ ആത്മാവിനെ പ്രേരിപ്പിക്കുന്നത്. സ്നേഹാസ്പദമായ ഓരോ വസ്തുവും ഹൃദയത്തിന്റെ ഓരോ ഉള്ളറയിൽ പ്രതിഷ്ഠിതമായിരിക്കുന്നെന്നും, അവയോരോന്നിലും പ്രവേശിച്ചു ദൈവം കാണാതെ ആ സ്നേഹഭാജനങ്ങളോടൊന്നിച്ച് ഒളിച്ചിരിക്കാൻ ആത്മാവു ശ്രമിക്കുന്നുവെന്നുമാണ് ഈ നാലുവരികൾ വ്യഞ്ജിപ്പിക്കുന്ന ആശയം. സ്നേഹത്തിനു കവികല്പിതമായ നിറം ചുവപ്പാണ്. അതുകൊണ്ടാണ് 'ചെന്നിറക്കള്ളികൾ, എന്നു പറഞ്ഞിരിക്കുന്നത്.

9 ഹൃദയത്തിന്റെ പക്ഷങ്ങളിൽ ആശ്വാസമാരായുന്നതിനുള്ള ഉദ്യമത്തിനിടയിൽ ആത്മാവു ചെയ്യുന്ന ഒരു സ്വഗതമാണിത്. ദൈവത്തെ സ്നേഹിക്കുന്നതുമൂലം ഇഷ്ടവസ്തുക്കളെല്ലാം നഷ്ടമായിപ്പോകുമെന്ന ഒരു മിഥ്യാബോധമാണ് ഇതിലടങ്ങിയിരിക്കുന്നത്. എന്നാൽ അവസാനം ആത്മാവു ദൈവത്തിനു പൂർണ്ണവിധേയമായി സായൂജ്യം പ്രാപിക്കുമ്പോൾ ഈ മിഥ്യാബോധം നീങ്ങും. അപ്പോൾ സ്പഷ്ടമാകും സൃഷ്ടവസ്തുക്കളുടെ യഥാർത്ഥമായ നിലയും വിലയും.

10. ദൈവത്തെ ഒഴിച്ചുകൂട്ടുക അസാധ്യമെന്നൊരനു

ഭവം ഇതിന്നകം ആത്മാവിനുണ്ടായിട്ടുണ്ട്. അതിനാൽ സ്നേഹഭാജനങ്ങളുടെ മദ്ധ്യേ ദൈവത്തിനുമൊരു സ്ഥാനം ഹൃദയത്തിൽ നൽകിയേക്കാമെന്ന് അതു തീരുമാനിക്കുന്നു; പക്ഷേ അവിടുന്നതുകൊണ്ട് തൃപ്തിപ്പെടുകയില്ല, ഹൃദയം മുഴുവനായി വേണമത്രേ്. അതിന്റെ ഒരു മൂലമാത്രം തുറന്നു കൊടുത്താൽ പ്രാഭവമേറിയ അവിടുത്തെ ആഗമനത്തിലുണ്ടാകുന്ന മാരുതഹതിയാൽ അതു തള്ളിയടച്ച് അപര്യാപ്തമായ ആ സ്വീകരണത്തെ നിഷേധിക്ക മാത്രമേ അവിടുന്നു ചെയ്യുകയുള്ളു. അഹോ! ദൈവസ്നേഹം എത്ര വിസ്മയനീയം! ആത്മാവിന്റെഅടിസ്ഥാനരഹിതമായ ആശങ്കകളേക്കാൾ അതെത്ര മഹത്തരം! ഇതുവരെയുമുള്ള അനുഭവങ്ങളിൽനിന്ന് ആത്മാവ് ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു; അതിതാണ്:

> „തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
> പേടിക്കു ശേഷിയില്ലോടിയൊളിക്കുവാൻ''

എന്നിരുന്നാലും ആ ബോധ്യം മനസ്സിൽ സ്ഥിരമായി ഉറയ്ക്കുവാൻ ഇനിയും അനേകം പരീക്ഷണങ്ങൾ വേണ്ടിയിരിക്കുന്നു. വല്ലതുമൊരഭയസ്ഥാനം വേറെ കണ്ടെത്തുമെങ്കിൽ അതുതന്നെയാണഭികാമ്യം. പരാജയത്തിലവസാനിച്ചതായി മുമ്പു പറഞ്ഞ പരീക്ഷണങ്ങളെല്ലാം ഭൂമണ്ഡലത്തിൽ നടത്തിയവയായിരുന്നു. ആകാശമണ്ഡലം കൂടുതൽ ആശാവഹമെന്നു പെട്ടെന്നൊരു തോന്നലുണ്ടാകയാൽ അതൊന്നു പരീക്ഷിക്കാമെന്നു കരുതി അല്പം വിജയഭാവത്തിൽ ഗതി തുടരുകയാണ്.

11. ജ്യോതിശ്ശാസ്ത്രപഠനമാണ് അംബരവീഥിയിലൂടെയുള്ള ഓട്ടത്തിന്റെ സങ്കല്പിതം. നക്ഷത്രങ്ങളോരോന്നും സൂക്ഷ്മനിരീക്ഷണം ചെയ്തു പഠിക്കുന്നതിൽ മനഃസ്വാസ്ഥ്യം സിദ്ധിക്കുമോ എന്നാണ് ആദ്യത്തെ പരീക്ഷണം, എന്നാൽ അവയൊന്നിലും പ്രവേശം ലഭിക്കുന്നില്ല. എങ്കിലും ആശ വെടിയാതെ അവസാനം ചന്ദ്രബിംബത്തെ അഭയം പ്രാപിക്കുന്നു; അവിടെയും ആരുമി

ല്പ സ്വാഗതമരുളാൻ. മിന്നിത്തിളങ്ങുന്ന താരങ്ങൾ പൊന്നും ശീതാംശു വെള്ളിയുമാണെന്നു കവി സങ്കല്പിക്കുന്നു. രജതനിർമ്മിതമായ ചന്ദ്രകവാടം തകർത്തുള്ളിൽകയറാൻ വേണ്ടി അതു പിടിച്ചുകുലുക്കിയപ്പോൾ ആഭരണങ്ങളുടെ കിലുക്കം (ശിഞ്ജിതം) പോലൊരു ശബ്ദകോലാഹലമുണ്ടായതല്ലാതെ ഉള്ളിൽനിന്നു തുറക്കാൻ അവിടെ ആരുമുണ്ടായിരുന്നില്ല.

12. സമയം വേഗം കടന്നുപോകുന്നെങ്കിൽ ക്ലേശഭാരത്തിനു തെല്ലൊരാശ്വാസമുണ്ടാകും. അതിനുവേണ്ടി ഉദയാസ്തമയങ്ങൾ വേഗം, വേഗംവന്നു പോകട്ടെയെന്നാത്മാവാഗ്രഹിക്കുന്നു. അതിഷ്ടംപോലെ സാധിക്കാത്തതിനാൽ പ്രഭാതപ്രദോഷങ്ങളിൽ പ്രത്യക്ഷമാകാറുള്ള മൂടൽമഞ്ഞിനുള്ളിലോ, മേഘപടലങ്ങൾക്കിടയിലോ ഭീകരനായ ആ സുഹൃത്തി (Tremendous Lover) ന്റെ വീക്ഷണത്തിൽ നിന്നു സുരക്ഷിതമായൊളിച്ചിരിക്കാൻ ശ്രമിക്കുന്നു. ഭീകരതയുടെ നടുക്കാതലായി സൗഹൃദം ദർശിക്കുവാൻ ഇത്തരുണത്തിൽ ആത്മാവിനു കഴിവു ലഭിച്ചിരിക്കുന്നതു് എന്തൊരനുഗ്രഹം?

13. വിവേചനാശക്തിയില്ലാത്ത പ്രപഞ്ചവസ്തുക്കളെല്ലാം സമ്യക്കാംവണ്ണമറിയാനും അനുഭവിക്കാനും ആത്മാവു അടുത്തതായി ഉദ്യമിക്കുന്നു. അവയോരോന്നും നിയതിയുടെ നിയമങ്ങൾ അഭേദ്യമായി അനുസരിക്കുന്നുവെന്നും എന്നാൽ തനിക്കു് അവയൊന്നും യാതൊരു സംതൃപ്തിയും നൽകുന്നില്ലെന്നും അനുഭവപ്പെടുന്നു. സ്രഷ്ടാവിനെ ഇത്ര വിശ്വസ്തതയോടെ സ്നേഹിക്കുന്ന ഇവർ, തന്നെ ഇത്ര അവഗണിക്കുന്നല്ലോ എന്നോർത്തു ലജ്ജയും ഈർഷ്യയും അമർഷവും തോന്നുന്നു.

14. ഓട്ടത്തിന്റെ വേഗത വർദ്ധിപ്പിക്കാൻ വിദ്യ കണ്ടുപിടിക്കയാണു്. നിയതിയുടെ നിയമാനുസരണം അതിവേഗം സഞ്ചരിക്കുന്ന സമീരതരംഗപരമ്പരകളെ ആശ്രയിക്കുക; എന്നാൽ ഫലമെന്തു്?

15. കാററിൻെറ ഗതിവേഗം പലതരത്തിലാണ്. വളരെ ലഘുവായി വിശാലാകാശത്തിലൂടെ അതിവേഗത്തിൽ ചരിച്ചാലും കാർമ്മേഘങ്ങൾ കൊണ്ടുനിറഞ്ഞ് സൃഷ്ടിനാഥൻ പ്രഭാവത്തോടെ എഴുന്നെള്ളുന്ന തേരിന്നകമ്പടി സേവിച്ചു നിശ്ചേഷ്ടം നിന്നാലും, ഭയങ്കരമായ ഇടിനാദം (മേഘനിർഘോഷം) മുഴക്കിക്കൊണ്ടും മിന്നൽപിണരുകൾ (സ്ഫൂർജ്ജപൂരം) ഉജ്ജ്വലിപ്പിച്ചുകൊണ്ടും ഗംഭീരഭാവത്തിൽ മന്ദംമന്ദം ഗമിച്ചാലും, ഏതു സ്ഥിതിയിലായാലും, ദൈവത്തിൽ നിന്നോടിയൊളിക്കുന്നതിനു സഹായിക്കാൻ കാററിനും കഴിവില്ല. തന്നിമിത്തം ആദ്യത്തെ അനുഭവത്തിൻെറ ആവർത്തനവും അതിൽ അല്പം കൂടി ദൃഢതയുമുണ്ടാകുന്നു.

"തേടിപ്പിടിക്കുവാൻ സ്നേഹത്തിനുള്ളപോൽ
പേടികുശേഷിയില്ലോടിയൊളിക്കുവാൻ"

16. അപഥസഞ്ചാരത്തിലാണെങ്കിലും, ആത്മാവന്വേഷിക്കുന്നതു സൗഭാഗ്യമാണെന്നു ദൈവം അറിയുന്നതിനാൽ, യഥാർത്ഥത്തിൽ അതു നൽകാനായി നിശ്ചയദാർഢ്യത്തോടെ അവിടുന്നതിനെ അനുധാവനം ചെയ്യുന്നു. അവിടുന്നൊരനുഗ്രഹം നൽകുമ്പോൾ, ആത്മാവതിനോടു പൂർണ്ണമായി സഹകരിച്ചില്ലെങ്കിൽ തന്നെയും വീണ്ടും ഒന്നു മാത്രമല്ല വളരെയധികം നൽകാനുള്ള ഔദാര്യം അവിടുത്തേയ്ക്കുണ്ട്. അതിനാൽ ആദ്യത്തെ താക്കീതിനാൽ ആരംഭിച്ച പരിവർത്തം തുടരുന്നതിനുവേണ്ടി അതുതന്നെ മററൊരു വിധത്തിൽ ആവർത്തിക്കുന്നു.

ഭാഗം മൂന്ന്

ആകാശമണ്ഡലത്തിലെ അന്വേഷണവും നിരാശതയിൽ അവസാനിച്ചു. എന്നാലും പഠിക്കേണ്ട പാഠം പഠിക്കാനുദ്യമിക്കുന്നില്ല. ഒന്നുരണ്ടാശാകിരണങ്ങൾ കൂടി ഉരിപരീക്ഷണങ്ങൾക്കുത്തേജനം നൽകുന്നുണ്ട്.

17. നിരാശതാഗർത്തത്തിൻെറ അഗാധതയിൽ നിന്നു സകല സൃഷ്ടികളുടേയും നേക്കൊരു പരിഭവസ്വരം! "എൻെറ അന്തരാത്മാവിൻെറ അഭിവാഞ്ഛകൾ ഗ്രഹിക്കാൻ യാതൊരു വസ്തുവിനും, യാതൊരു മനുഷ്യനും സാധിക്കയില്ലെങ്കിൽ, ഇനിഞാനെന്തിനവയെ—അവരെ—ആശ്രയിക്കുന്നു?" ഈ നിരാശതയിലും നിലവിളിയിലും തന്നെ നേർവഴിയുടെ നേക്കുള്ള ഒരു "മനം പിരിച്ചി"ലുണ്ടെങ്കിലും, അതിലെത്തുന്നതിനുമുമ്പു വ്യഗ്രതകൾ വേറെയുമുണ്ടാകുന്നു.

18. ശിശുക്കളുടെ നിഷ്ക്കളങ്കത വിഷാദനിമഗ്നമായ മനസ്സിൽ ഒരു നവോന്മേഷമുളവാക്കുന്നു.

19. കുടിലമനസ്സിൻെറ വക്രഗതികളൊന്നുമറിയാത്ത നിഷ്ക്കളങ്കശിശുക്കൾ ആക്കും സ്വാഗതമരുളും. എന്നാൽ കുബുദ്ധികളുമായുള്ള ആപൽക്കരമായ സമ്പക്കത്തിൽ നിന്നവരെ അകററി സംരക്ഷിക്കാൻ കാവൽദൂതന്മാരെ ദൈവം ഏർപ്പെടുത്തിയിട്ടുണ്ടു്. (വി. മത്തായി XVIII, 10; സങ്കീർത്തനം, XC, II) അവർ അവസരോചിതം, ആവശ്യാനുസരണം തങ്ങളുടെ കൃത്യം നിവ്വഹിച്ചുകൊള്ളും. കുഞ്ഞുങ്ങളുടെ കുന്തൽ (തലമുടി) പിടിച്ചെടുത്തുകൊണ്ടുപോയിയെന്നു പറയുന്നതിൽ, ഹാബക്കുക്ക് എന്ന ദീർഘദർശിയെ ഒരു മാലാഖാ തലമുടിക്കു പിടിച്ചെടുത്തു് യൂദയായിൽ നിന്നു്, ബാബിലോണിൽ സിംഹക്കുഴിയിൽ അടക്കപ്പെട്ടിരുന്ന ദാനിയേൽ ദീർഘദശ്ശിയുടെ പക്കലേക്കു കൊണ്ടുപോയ വൃത്താന്തത്തിൻെറ (ദാനിയേൽ XIV, 32–38) ഒരനുസ്മരണമുണ്ടെന്നു തോന്നുന്നു.

അനന്തരം, ദൈവത്തിൻെറ വത്സല സന്താനങ്ങളായ ഓമനക്കുഞ്ഞുങ്ങളുടെ സഹവാസം നഷ്ടമായതു് അത്ര വകവെയ്ക്കുന്നില്ല എന്ന നാട്യത്തിൽ, അചേതനവസ്തുക്കളെ പ്രപഞ്ചനാഥയുടെ മക്കളെന്നു സങ്കല്പിച്ചുകൊണ്ടു് അവയുടെ സംസർഗ്ഗം നേടുവാൻ ശ്രമിക്കുന്നു.

20. ശിശുക്കളെ എന്നിൽനിന്നു വേർപെടുത്തുകയാണെങ്കിൽ വേറെയുണ്ടെനിക്കു കൂട്ടുകാർ എന്ന ഭാവപ്രതീതിയാണു് "എന്നാൽ" ഉളവാക്കുന്നതു്. കേവലം ഭൗതികമായ അവയുടെ അനുഭൂതിയിൽ നിർവൃതിയടയാമെന്നു് ആത്മാവു് മോഹിക്കുന്നു.

21. പ്രപഞ്ചരഹസ്യങ്ങൾ ആഴമായി പഠിച്ചറിഞ്ഞു് അവയോടു ഗാഢമായ ഐക്യം പ്രാപിക്കാനും അവയുടെ സാമീപ്യസുഖം സമ്പൂർണ്ണമായി അനുഭവിക്കാനുമുള്ള ഉദ്യമം

22. വനങ്ങളെ പ്രപഞ്ചനാഥയുടെ കാർകൂന്തലഴിച്ചു പടർത്തിയിട്ടതെന്നുൽപ്രേക്ഷിച്ചുകൊണ്ടു് അവയെ സംബന്ധിച്ച സകല രഹസ്യങ്ങളും അവഗാഢം പഠിക്കുവാൻ ആഗ്രഹിക്കുന്നു.

23. ഒരുത്തമ കുടുംബിനിയെന്നവണ്ണം പ്രകൃതിമാതാവു് തൻെറ ഭവനത്തെ അകൃത്രിമമായ രമണീയതയാൽ എങ്ങനെ അലങ്കരിക്കുന്നുവെന്നും തൻെറ അരുമസന്താനങ്ങളായ ജന്തുക്കളേയും സസ്യവർഗ്ഗങ്ങളേയും ഭക്ഷ്യപേയങ്ങൾ നൽകി എങ്ങനെ തീററിപ്പോററുന്നുവെന്നും ഗ്രഹിച്ചു് അവയിലെല്ലാം പങ്കുകൊള്ളുവാൻ ആത്മാവാഗ്രഹിക്കുന്നു.

24. പ്രപഞ്ചവുമായി ഏതോ ഒരു പരസ്പരധാരണയിലെത്തിച്ചേരാൻ സാധിച്ചതിലുള്ള ചാരിതാൎത്ഥ്യം ഈ വരികളിലടങ്ങിയിരിക്കുന്നു.

അടുത്തതായി പ്രപഞ്ചത്തിൽ കാണുന്ന ഓരോ കാഴ്ചയേയും സൂക്ഷ്മനിരീക്ഷണം ചെയ്യാനന്ദിക്കാനുദ്യമിക്കുന്നു. എന്നാൽ ഓരോന്നിൻെറയും ആനന്ദം സാവധാനത്തിൽ മ്ളാനതയിലും ഒടുവിൽ നിരാശയിലും കലാശിക്കുന്നു.

25. തരംഗതരളിതമായ സാഗരത്തിന്മീതേ വെൺ

നര സ്ഫുരിക്കുന്നെങ്കിൽ, മുഗ്ദ്ധനീലാംബരം കരിമുകിൽ നിറഞ്ഞു സാവധാനം കൃഷ്ണവർണ്ണമായി മാറുന്നു.

26. ജീവൽപ്രപഞ്ചത്തിലാണെങ്കിൽ സസ്യങ്ങൾ മുളച്ചു തഴച്ചു വളർന്നു പുഷ്പഫലങ്ങൾ വഹിച്ചശേഷം വാടിവരണ്ടു നാമാവശേഷമാകുന്നു; ജന്തുവർഗ്ഗങ്ങൾ ജനിച്ചവളർന്നുമരിക്കുന്നു. അവയുടെ ഉൽക്കർഷാപകർഷങ്ങൾക്കനുസരണമായി അവ നിരീക്ഷിക്കുന്ന ആത്മാവിൻെറ ഭാവങ്ങൾക്കും വ്യത്യാസം വരുന്നു.

27. ചത്ത പകലിൻെറ ശവമഞ്ചത്തിനു ചുററും നക്ഷത്രദീപങ്ങൾ കൊളുത്തിവച്ചുകൊണ്ടു് സന്ധ്യാദേവി വിലപിക്കുമ്പോൾ ആത്മാവു് അവളോടു സഹതപിക്കുന്നു.

28. അരുണോദയകാന്തിയുടെ പ്രചുരിമയ്ക്കനുയോജ്യമായ മന്ദഹാസത്തോടെ ബാലാർക്കനെ അഭിവാദ്യം ചെയ്യുന്നു,

29. വസന്തകാലത്തിൻെറ പ്രസന്നത വർഷകാലത്തിൻെറ ശ്യാമളതയാൽ വിഷാദമായി ഭാവാന്തരം പ്രാപിക്കുന്നു,

30. വർഷാംബു ചൊരിയുന്ന ആകാശത്തോടൊരുമിച്ചു സഹതാപപാരമ്യത്താൽ ആത്മാവും കരഞ്ഞു കണ്ണീരൊഴുക്കുന്നു. എന്നാൽ നിഷ്ക്കളങ്കമായ ആകാശത്തിൻെറ നിർമ്മലവും മാധുര്യപൂർണ്ണവുമായ (Sweet tears) കണ്ണുനീരിൽ (വർഷധാരയിൽ), വഷളായ തൻെറ ഹൃദയത്തിൽ നിന്നു വമിക്കുന്ന മലീമസമായ കണ്ണുനീർ ഉപ്പുനീരിൻെറ കയ്പാണല്ലോ കലർത്തുന്നതു് എന്നോർത്തു് ആത്മാവു് വ്യസനിക്കുന്നു,

31. സ്നേഹത്തിൻെറ (കവികല്പിതമായ) നിറം ചുവപ്പാണല്ലോ. അരുണാഭാങ്കിതനായി മന്ദംമന്ദം തുടിച്ചുകൊണ്ടു പശ്ചിമാംബുധിയിൽ താഴുന്ന അസ്തമനസൂര്യൻ ആകാശത്തിൻെറ പരിശുദ്ധ സ്നേഹദ്യോതകമായ ഹൃദയമെ

ന്നു് ആത്മാവു സങ്കല്പിക്കുന്നു. സ്വന്തം ഹൃദയമോ എന്നാൽ കുടിലതയും വഷളത്തവും നിറഞ്ഞു സ്നേഹശൂന്യമായി തണുത്തു മരവിച്ചിരിക്കുന്നു. സ്നേഹോദ്ദീപ്തമായ ആ സുഭഗ ബിംബത്തിൽനിന്നു് അല്പം ചൂടേററു ചൈതന്യം പ്രാപിച്ചാൽ അതിനെപ്പോലെ അടിച്ചു തുടിക്കാൻ സാധിക്കുമല്ലോ എന്നു കരുതി സ്വഹൃദയം അതിനോടടുപ്പിച്ചു ചേർത്തുവയ്ക്കുന്നു. (കവർ ചിത്രത്തിലെ സൂചിതം)

32. വിവേചനാശക്തിയുള്ള മനുഷ്യാത്മാവും അതില്ലാത്ത മററു പ്രപഞ്ചവസ്തുക്കളും തമ്മിലുള്ള വ്യത്യാസം ഇത്തരുണത്തിൽ മാത്രമാണാത്മാവിനു ബോധ്യമാകുന്നതു്. ഇവ തമ്മിൽ പരസ്പരധാരണയുണ്ടാവുക സാധ്യവുമല്ല. ആത്മാവിൻെറ അത്യുൽകൃഷ്ടമായ അഭിവാഞ്ഛകൾ മനസ്സിലാക്കി അവയ്ക്കുപശാന്തി നൽകാൻ യാതൊരു പ്രപഞ്ചവസ്തുവിനും കഴിവില്ല. അവ എത്ര സൂക്ഷ്മമായി പരിശോധിച്ചാലും എത്ര അവഗാഢം പഠിച്ചാലും ഫലമില്ല. അവയോടെന്തുമാത്രം ആത്മാർത്ഥതയും സഹതാപവും പ്രദർശിപ്പിച്ചാലും അവ ഒന്നും ഗ്രഹിക്കയില്ല, അവയ്ക്കു സംസാരശക്തിയില്ല; വെറും ചലനംമാത്രം.

33. വത്സലമാതാവെന്നു തെററിദ്ധരിച്ചുപോയ പ്രപഞ്ചനാഥയുടെ മാതൃത്വരാഹിത്യം ഇപ്പോൾ വിശദമാകുന്നു. ഹൃദയശൂന്യയായ ഒരു വിമാതാവു (ചിററമ്മ) മാത്രമാണവൾ; സാക്ഷാൽ മാതൃത്വത്തിൻെറ അനിഷേധ്യപ്രകാശനമായ സ്തന്യദാനം അവളൊരിക്കലും ചെയ്തിട്ടില്ലല്ലോ. അന്തരാത്മാവിൻെറ അത്യുൽകൃഷ്ടങ്ങളായ അഭിവാഞ്ഛകൾക്കുപശാന്തി വരുത്തുവാൻ അവൾ പര്യാപ്തയല്ല.

34. എന്നാൽ ദൈവം—ആത്മാവിൻെറ സൃഷ്ടാവായ ദൈവം— അതിൻെറ കഴിവുകളും അഭീഷ്ടങ്ങളും സമസ്തവും ഗ്രഹിക്കുന്നു, അവയെല്ലാം യാഥാർത്ഥ്യവല്ക്കരിക്കണമെന്നും സമ്പൂർണ്ണമാക്കണമെന്നുമാണവിടുത്തെ ആഗ്രഹം. അതിനുവേണ്ടി അവിടുന്നു് ആത്മാവിനെ നിരന്തരം ക്ഷണിക്കയും (പിടക്കോഴി കുഞ്ഞുങ്ങളെയെന്നവണ്ണം) അന്വേഷിക്കയും തൻെറ ക്ഷണം സ്വീകരിയ്ക്കാൻ ആവശ്യമായ ആന്തരിക പ്രചോദനം നൽകുകയും ചെയ്തുവരുന്നു. സമ്മിശ്രസ്വഭാവത്തി

ൻെറ വൈകല്യങ്ങരം നിമിത്തം അവയെല്ലാം ഉടൻതന്നെ പൂൎണ്ണമായി ഫലിക്കുന്നില്ലെങ്കിലും അത്ര ഫലശൂന്യമല്ല. വ്യഗ്രതയ്ക്കുള്ള സമാരംഭങ്ങളെല്ലാം അപജയത്തിൽ കലാശിക്കുന്നതിനാൽ ദൈവസ്വരം വീണ്ടും കേരംക്കുമ്പോരം അതു മനസ്സിൽ പതിയാൻ കൂടുതൽ എളുപ്പം വന്നിട്ടുണ്ടു്. അതിനാൽ ഇതുവരെയുള്ള അനുഭവങ്ങളെയെല്ലാം പരാമൎശിച്ചു കൊണ്ടു ദൈവം അരുളിച്ചെയ്യുന്നു. ''നീ എന്നെ തൃപ്തിപ്പെടുത്താത്തതിനാൽ നിനക്കും ഒന്നിലും സംതൃപ്തിയുണ്ടാകയില്ല.''

ഭാഗം നാലു്

മൂന്നാമതും ദൈവസ്വരം കേട്ടപ്പോരം ഗത്യന്തരമില്ലാതെ ഓട്ടം നിറുത്തി തിരിഞ്ഞുനിന്നു് ആത്മാവു നിരുപാധികം ദൈവത്തിനു കീഴടങ്ങുന്നു. അതിനുശേഷം ആദ്യമായി, കഴിഞ്ഞ ജീവിതത്തെ ആകമാനം പരിശോധിച്ചു സ്വന്തം മൗഢ്യം മനസ്സിലാക്കി പശ്ചാത്തപിക്കുന്നു.

35. ദൈവം ശാസിക്കുന്നതും ശിക്ഷിക്കുന്നതുമെല്ലാം സ്നേഹം (ഉരംക്കനിവു) കൊണ്ടുമാത്രമാണെന്നു് ആത്മാവു മനസ്സിലാക്കുന്നു; തന്നിമിത്തം തൻെറ പാപമൎഹിക്കുന്ന ശിക്ഷയേൽക്കുവാൻ സന്നദ്ധത പ്രകാശിപ്പിക്കുന്നു. ദൈവത്തിനു് ആത്മാവിൻെറമേൽ സിദ്ധിച്ച വിജയമാണു് അതിൻെറ കവചം വലിച്ചുകീറി ഉരിഞ്ഞെടുക്കുന്നതിലേയും അതിനെ കവിഴ്ത്തി വീഴിക്കുന്നതിലേയും സൂചിതം. ദൈവസ്നേഹത്തിനെതിരായി ആത്മാവവലംബിച്ചിരുന്ന സൃഷ്ടികളുടെ സ്നേഹമായിരുന്നു ആ കവചം. അതു നഷ്ടപ്പെട്ടു നഗ്നനായി വേറെ രക്ഷാമാൎഗ്ഗമൊന്നുമില്ലാതെ (നിരായുധൻ) ദൈവസന്നിധിയിൽ നിൽക്കുന്നു.

36. ഈ അവസ്ഥയിൽ ദൈവംനൽകുന്ന ആന്തരികപ്രചോദനത്തിൻെറ സഹായത്താൽ ആത്മാവു ധ്യാനനിരതമാകയും (നിദ്രയിൽ ലയിച്ചു) സ്വന്തം ആന്തരികാവസ്ഥ ഗ്രഹിക്കയും ചെയ്യുന്നു; ഇതുവരെ അണിഞ്ഞിരുന്ന സൃഷ്ടികളുടെ സ്നേഹമെന്ന വസ്ത്രം നഷ്ടപ്പെട്ടതുകൊണ്ടും ദൈവപ്ര

സാദമെന്ന വസ്ത്രം ധരിച്ചിട്ടില്ലാത്തതുകൊണ്ടും ആത്മസ്ഥിതി നഗ്നമാണെന്നു നല്ലവണ്ണം മനസ്സിലാകുന്നു. ദൈവപ്രസാദം ലഭിക്കണമെങ്കിൽ കഴിഞ്ഞ ജീവിതമാകമാനം പരിശോധിച്ചു പശ്ചാത്തപിക്കണം. അതിനുവേണ്ടി സർവ്വശക്തികളേയും ഏകീഭവിപ്പിച്ച് ആത്മപരിശോധന നടത്തി, കഴിഞ്ഞ ജീവിതമാകുന്ന സൗധത്തെ ആകമാനം നശിപ്പിക്കുന്നു. സൗധം താങ്ങുന്ന തൂണുപിടിച്ചാകമാനം കുലുക്കി തകർത്തു താഴത്തിടുന്നതായി പറയുന്നതു് ഇസ്രായേൽ ന്യായാധിപനായിരുന്ന സാംസണിന്റെ ചരിത്രകഥയുടെ അനുസ്മരണമാണ്. (ന്യായാധിപന്മാർ, XVI, 25–31)

37. കഴിഞ്ഞ ജീവിതച്ചേഷ്ടികളുടെ വഷളത്തവു് കഴമ്പില്ലായ്മയും മനസ്സിലാക്കി അവയെ വെറുക്കയും ഉപേക്ഷിക്കയും ചെയ്യുന്നു.

പശ്ചാത്താപത്താൽ ലഭിക്കുന്ന ദൈവപ്രസാദമാണു ജീവിതനവീകരണത്തിന്റെ അടിസ്ഥാനം. നിത്യസത്യങ്ങളെക്കുറിച്ചും ക്രിസ്തുനാഥന്റെ ജീവിതത്തെയും പ്രബോധങ്ങളെയുംകുറിച്ചുമുള്ള ധ്യാനവും തൽഫലമായ സുകൃതാഭ്യസനങ്ങളുമാണ് നവീകൃതജീവിതത്തെ പടുത്തുയർത്തുന്നതു്

38. ലോകസുഖങ്ങളുടെ നശ്വരത ബോധ്യമാകുന്നു. കേവലം സാങ്കല്പികങ്ങളായ ദിവാസ്വപ്നങ്ങൾ അതൃപ്തിയിൽ ആത്മാവിനെ കൈവിടുന്നു. വേണുമുതലായ ഗീതോപകരണങ്ങൾ സുഖാനുഭൂതിയ്ക്കുള്ള ആത്മാവിന്റെ അഭിവാഞ്ഛയെ തൃപ്തിപ്പെടുത്തുവാൻ ശേഷിയില്ലാതെ നിശബ്ദ (ക്വാണം = വീണ മുതലായ ഗീതോപകരണങ്ങളുടെ സ്വരം) മായിക്കിടക്കുന്നു.

39. ക്ലേശപൂർണ്ണമായ ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കേവലം ബാലിശവും സുഖാന്വേഷണമാത്രതല്പരവുമായ ഒരു മനഃസ്ഥിതി മതിയാവില്ല. ഭാവനപ്പൂക്കൾ തൊടുത്തുണ്ടാക്കിയ സൂത്രം (ചരടു്) കൊണ്ടു

ഭൂഗോളത്തെ ഒരു പാവ അഥവാ പന്തുപോലെ കെട്ടിത്തൂക്കി ആട്ടി ഞാൻ വിനോദിക്കാറുണ്ടായിരുന്നു. എന്നാൽ സാക്ഷാൽ ഭൂഗോളത്തിൻെറ ഭാരം (ജീവൽപ്രശ്നങ്ങളെ സംബന്ധിച്ച പ്രായോഗിക വിഷമങ്ങൾ) വഹിക്കാൻ വേണ്ട ബലമില്ലായ്കയാൽ ആ ചരടു് ഇപ്പോൾ പൊട്ടിപ്പോകുന്നു.

40. ദൈവസ്നേഹത്തിൻെറ ഒരു സവിശേഷത വെളിവാകുന്നു. അതായതു്, മററു സ്നേഹങ്ങൾ ആത്മാവിലുണ്ടായിരിക്കാൻ അതനുവദിക്കയില്ല. ഈ സ്വഭാവത്തിൻെറ യാഥാത്ഥ്യമറിയാൻ വേണ്ടി ആത്മാവു ദൈവത്തോടു ചോദിക്കുന്നു. സ്നേഹിതാ! അങ്ങേ സ്നേഹം കേതക (= പൂക്കൈത) പുഷ്പത്തിനു സദൃമാണോ എന്നു്. വലുപ്പംകൊണ്ടും സൗരഭ്യംകൊണ്ടും മററു പുഷ്പങ്ങളെ അതിശയിക്കുന്നതിനാലും വിശിഷ്യാ, വാടാതെ നിൽക്കുന്നതിനാലും കേതക പുഷ്പം സകല സ്നേഹത്തെയുമതിശയിക്കുന്ന ദൈവസ്നേഹത്തിൻെറ പ്രതീകമെന്നു പരിഗണിക്കുന്നു.

41. ദൈവസ്നേഹം ആത്മാവിൽ പ്രബലപ്പെട്ടപ്പോൾ വെറും മാനുഷിക ഭാവങ്ങളെല്ലാം നശിച്ചു ക്രമേണ ദൈവഛായതന്നെ അതിൽപ്രത്യക്ഷപ്പെട്ടും. അനുതാപവും ത്യാഗശീലവും കൊണ്ടാണീ രൂപഭേദം വരുത്തേണ്ടതു്. കരടുചിത്രം വരയ്ക്കാനുപയോഗിക്കുന്ന കരിക്കഷണമായിത്തീരാൻ വിറകു് തീയിൽകിടന്നു വേകണം. അതുപോലെ ദൈവഛായ ആത്മാവിൽ തെളിയിക്കാൻ വേണ്ടി അനുതാപത്തിൻെറയും സഹനത്തിൻെറയും അഗ്നിയിൽ അതു വെന്തെരിയണമോ എന്നു ദൈവത്തോടു ചോദിക്കുന്നു.

42. മേല്പറഞ്ഞ പരമാത്ഥങ്ങൾ ഗ്രഹിക്കുന്നതോടെ ആത്മാവിൻെറ വ്യസനം വർദ്ധിക്കുന്നു. എന്നാൽ ഈ വ്യഥ വിഷാദമോ, നൈരാശ്യമോ ഉളവാക്കുന്നതല്ല. പ്രത്യുത മുൻജീവിതത്തിലെ ദോഷത്തങ്ങളും അകൃത്യങ്ങളും കൂടുതൽ സൂക്ഷ്മതയോടെ പരിശോധിക്കാനും പൂൎണ്ണമായി അനുതപിക്കാനുമുള്ള താല്പര്യവും നന്മനസ്സുമാണതിൻെറ

ഫലം: സുകൃതാഭ്യാസനത്തിനു കൂടുതൽ ഉപയുക്തമായ യുവ ചൈതന്യം (ജീവിതോഷസ്സിൻ വിലാസാഞ്ജനം) അകൃത്യങ്ങൾക്കായി വ്യർത്ഥമാക്കിക്കളഞ്ഞതോർത്തു ദുഃഖിക്കുന്നു. "ജീവജലസ്രോതസ്സായ എന്നെ ഉപേക്ഷിച്ച്, വെള്ളമില്ലാത്ത (സ്ഥലത്തു്) പൊട്ടക്കിണറുകൾ കുഴിച്ചതിൽ എൻെറ ജനം രണ്ടപരാധമാണു് പ്രവർത്തിച്ചതെ"ന്നു് ദൈവം ജറമിയാസ്ദീർഘദർശി വഴിയായി അരുളിച്ചെയ്തതിനെ അനുസ്മരിച്ചാണു് ഹൃദയത്തെ ഒരു പൊട്ടക്കിണറിനോടുപമിച്ചിരിക്കുന്നതു് (ജറമിയാസ്. II,13): രക്ഷാകരങ്ങളായ നിത്യസത്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിൽ നിന്നുൽഭൂതമാകുന്ന അനുതാപക്കണ്ണീർകൊണ്ടുവേണം ഇനി ഹൃദയത്തിൻെറ ആ ശൂന്യാവസ്ഥ പരിഹരിക്കാൻ.

43. പാപത്തിൻെറ ശിക്ഷയായ നിത്യനരകത്തെക്കുറിച്ചുള്ള ചിന്ത ആത്മാവിൽ സംഭ്രമമുളവാക്കുന്നു. അതിൻെറ സ്മരണ തിക്തക (കാഞ്ഞിരക്കുരു)ത്തിൻെറ പരിപ്പുപോലെയെങ്കിൽ, യഥാർത്ഥ സഹനം അതിൻെറ ചർമ്മം (തൊലി) പോലെ കൂടുതൽ ദുസ്സഹമാ (കയ്പുള്ളതാ) യിരിക്കുമെന്നൂഹിക്കുന്നു. മരണത്തിനുശേഷം യഥാർത്ഥമാകാനിരിക്കുന്ന നരകയാതനകൾ വിശ്വാസദൃഷ്ടികൊണ്ടു് മൂടൽമഞ്ഞിലെന്നവണ്ണം അവ്യക്തമായി, എന്നാൽ സുനിശ്ചിതമായിത്തന്നെ ആത്മാവു ദർശിക്കുന്നു.

44. നിത്യസത്യങ്ങളെക്കുറിച്ചുള്ള ചിന്ത ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളിലേയ്ക്കും പ്രബോധനങ്ങളിലേക്കും ആത്മാവിനെ നയിക്കുന്നു. "തൻെറ ദിവ്യപുത്രൻെറ ഛായയുടെ മാതൃകയനുസരിച്ചാണു് നമ്മെ നവീകരിക്കാൻ ദൈവം നിശ്ചയിച്ചിരിക്കുന്നതു്." (റോമ. VIII, 29) മേല്പറഞ്ഞതുപോലെ തന്നെ ദൈവമനുഷ്യനായ ക്രിസ്തുവിനെ നാമറിയുന്നതു് വിശ്വാസവീക്ഷണം കൊണ്ടു മാത്രമാണു്. ആ അറിവു നമ്മിൽ നിക്ഷേപിക്കുന്നതിനു വേണ്ടി നാകദുർഗ്ഗങ്ങളിൽ (സ്വർഗ്ഗത്തിൽ) നിന്നു് അവിടുന്നു തൻെറ കാഹളം മുഴക്കുന്നു. അവിടുത്തെ ജീവിതമാതൃകയും പ്രബോധനങ്ങളും സഹനവുമെല്ലാമാണു് കാഹളസന്ദേശ

ത്തിൻെറ ഉള്ളടക്കം. വിശ്വാസ(ഹിമ)ത്തിൻെറ അവ്യക്തതയിൽ, ക്രിസ്തുവിൻെറ ജീവിതരഹസ്യങ്ങളിൽ മുഖ്യമായ പീഡാസഹനത്തിൻെറ രംഗങ്ങൾ ആത്മാവു ദശിക്കുന്നു. അഥവാ അവയെക്കുറിച്ചു ധ്യാനിക്കുന്നു: ''ബന്ധിതൻ, മുൾമുടി ചൂടുവോൻ, ശോണിതപങ്കിലാങ്കീധരൻ, നിന്ദ്യൻ.''

45. കാഹളസന്ദേശത്തിൻെറ സംക്ഷേപമാണീ നാലു വരികൾ. മനുഷ്യജീവിതമാകുന്ന വിളഭൂമിയിൽ നിന്നു സമൃദ്ധമായ വിളവു (സുകൃതാഭ്യസനവും ജീവിതവിശുദ്ധിയും) ലഭിക്കാൻ വേണ്ടി അതിൽ (വിളഭൂമിയിൽ) നല്ല വളമിടണം. ജീവിതത്തിൻെറ ഭൗതികാവശിഷ്ടങ്ങളിൽനിന്നാണീവളമുണ്ടാകേണ്ടതു്. പ്രാകൃതവും വെറും മാനുഷികവുമായ അഭിവാഞ്ഛകളുടെ നിഗ്രഹത്തിൽനിന്നുമാത്രമേ സുകൃതാഭ്യസനം പുഷ്ടിപ്പെടുകയുള്ളു. ദുഷ്ടന്മാരുടെ ശവങ്ങൾ ചാണകം പോലെ നികൃഷ്ടമെന്നവഗണിച്ചു പറയുന്ന വേദവാക്യങ്ങളെ ആധാരമാക്കിയാണു്, ''ചാകു നീ, ചാണകമാകു'' എന്നു പറഞ്ഞിരിക്കുന്നതു്. (ഐസയാസ്, V, 25; 4 രാജാക്കൾ, IX, 37; സങ്കീത്തനം, 82, 11; സൊഫൊണീയാസ്, 1, 17).

ഭാഗം അഞ്ചു്

അനുതാപവും സുകൃതാഭ്യസനവും മൂലം ദൈവഹിതത്തിനു പൂണ്ണവിധേയമായിത്തീന്നിരിക്കുന്ന ആത്മാവിനു് ജീവിതത്തേയും സ്നേഹത്തേയും സൗഭാഗ്യത്തെയും സംബന്ധിച്ച രഹസ്യങ്ങൾ ദൈവം സസ്നേഹം ഉപദേശിച്ചു കൊടുക്കുന്നു.

46. ആത്മാവിപ്പോൾ ദൈവത്തിനു പൂണ്ണസംതൃപ്തി നൽകുന്നു. തന്നിമിത്തം കാരുണ്യവും സ്നേഹവും നിറഞ്ഞ അവിടുത്തെ വചനങ്ങൾ ആത്മാവിലേക്കു് നിരർഗ്ഗളമായി പ്രവഹിക്കുന്നു. മുമ്പു് മൂന്നുപ്രാവശ്യം ദൂരെ പ

റകിൽ നിന്നു് അല്പം മാത്രം പറയാനേ കഴിഞ്ഞുള്ളു. ഇപ്പോഠം എല്ലാം വിശദമായി തുറന്നു പറയുന്നു.

47. നിനക്കിത്ര ആകർഷകമായി തോന്നിയ ഭൂമിയും അതിലുഠപ്പെട്ട സകല വസ്തുക്കളും എത്ര ശിഥിലവും നശ്വരവുമാണെന്നു നോക്കുക. അവയൊന്നും നീ കാര്യമായി കരുതേണ്ടാ.

48. എന്നിൽ നിന്നകന്നുനില്ക്കാൻ നീ ശ്രമിച്ചപ്പോളൊക്കെയും സകല വസ്തുക്കളും നിന്നെ അവഗണിക്കുന്നതായിട്ടല്ലേ നിനക്കനുഭവപ്പെട്ടതു്? നീ 'ചപല'നാണു്; എന്തെന്നാൽ നീ സൗഭാഗ്യമന്വേഷിച്ചതു് അതു ലഭിക്കാവുന്നിടത്തല്ല. നീ 'നിർഗ്ഗുണ'നാണു്; പാപവും വഷളത്തവുമല്ലാതെ നിന്നിൽ യാതൊന്നുമില്ല. നീ 'നിസ്സഹായ'നാണു്; എന്നെക്കൂടാതെ യാതൊരു സുകൃതാഭ്യസനവും നിനക്കു സാദ്ധ്യമല്ല. ഈ സ്ഥിതിയിൽ നിന്നെ ആദരിക്കാൻ ആക്കും ഒരു ന്യായവുമില്ല. എന്നാൽ യാതൊരു വിശേഷവുമില്ലാത്തവക്കു മേന്മ നൽകി നികൃഷ്ടസ്ഥിതിയിൽ നിന്നുൽകൃഷ്ടാവസ്ഥയിലേക്കുയത്താൻ എനിക്കു മാത്രമേ കഴിവുള്ളു.

49. അർഹതയുടെ അളവനുസരിച്ചു മാത്രമാണു മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതു്. നീയോ എന്നാൽ മനുഷ്യരിൽ ഏററവും അധമനാണു്. നീ സ്നേഹത്തിനെന്തുമാത്രം അർഹനെന്നു നീ അറിയുന്നുമില്ല. നിന്നെ ഓമ്മിക്കയും സ്നേഹിക്കയും ചെയ്യുന്ന ആത്മമിത്രം ഞാൻ മാത്രമാണു്.

50. നീ അന്വേഷിച്ചതൊന്നും നിനക്കുലഭിക്കുവാൻ ഞാനനുവദിച്ചില്ല. അതു നിന്നോടെനിക്കു നീരസമുണ്ടായിട്ടല്ല; പ്രത്യുത സകല നന്മകളുടെയും ഉല്പത്തിസ്ഥാനമായ എൻെറ പക്കൽമാത്രം നീ അവ അന്വേഷിക്കാൻ വേണ്ടിയായിരുന്നു. നഷ്ടമായേക്കുമെന്നു നീ ശങ്കിച്ച യാതൊരു നന്മയും വാസ്തവത്തിൽ നിനക്കു നഷ്ടപ്പെട്ടിട്ടില്ല. എന്നെ സ്നേഹിക്കുന്നതുമൂലം അവയെല്ലാം എന്നിൽ നി

DHARMARAM COLLEGE LIBRARY, BANGALORE
34294

ന്നു നിനക്കു ലഭിക്കും. എഴുന്നേല്ക്കു, വരിക, നിത്യഭവനം ഇതാ നിനക്കായി തുറക്കപ്പെട്ടിരിക്കുന്നു. സകല സൗഭാഗ്യങ്ങളും ശാശ്വതമായി അനുഭവിച്ചു സുഖിക്കുക.

ഹൃദയസ്പൃക്കമായ ഈ സാന്ത്വനവചനങ്ങൾ ആത്മാവിനെ ആനന്ദസാഗരത്തിൽ നിമഗ്നമാക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നതുമൂലം ഇഷ്ടവസ്തുക്കളെല്ലാം നഷ്ടമായേക്കുമെന്നു മുമ്പുണ്ടായിരുന്ന മിഥ്യാബോധം ഇപ്പോൾ നിശ്ശേഷം നീങ്ങുന്നു.

51. ദൈവത്തിൽ നിന്നിനി ശകാരവചനങ്ങൾ കേൾക്കപ്പെടുകയില്ല. ഓടാനുമൊളിക്കാനുമൊന്നും ഞാൻ ബദ്ധപ്പെടേണ്ടതില്ല. ഇതുവരെയും ഞാൻ സഹിച്ച ത്യാഗവും ഹൃദയവേദനയുമെല്ലാം വാത്സല്യപൂർവ്വമെന്നെ ക്ഷണിക്കയും നയിക്കയും സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്ന വത്സലപിതാവായ ദൈവത്തിൻെറ തൃക്കരങ്ങളുടെ ലഘുവായ ഒരു നിഴൽ മാത്രമായിരുന്നല്ലോ. ആത്മാവിനു സിദ്ധിച്ചിരിക്കുന്ന ഈ ബോദ്ധ്യത്തെ സ്ഥിരപ്പെടുത്തിക്കൊണ്ടു ദൈവം അവസാന വാക്കുകൾ പറഞ്ഞു നിറുത്തുന്നു.

52. അരുമവത്സല! സ്നേഹിക്കാനുള്ള കഴിവു (ഹൃദയം) നിനക്കു ഞാൻ തന്നിട്ടുണ്ട്. അതുകൊണ്ടാണു നീ സൗഭാഗ്യമന്വേഷിക്കുകയും അതിൻെറ പിന്നാലെ ഓടുകയും ചെയ്തതു്. എന്നാൽ അവയാൽ നീ 'വഞ്ചിത'നായിപ്പോയി—സാരമില്ല. നിൻെറ 'ദുർബല'ത നിമിത്തമാണങ്ങനെ സംഭവിച്ചതെന്നെനിക്കറിയാം. ഞാനെല്ലാം ക്ഷമിക്കുന്നു: സ്നേഹിക്കാനുള്ള കഴിവിനു പൂർണ്ണമായ പ്രവർത്തനവും പൂർണ്ണമായ സംതൃപ്തിയും നൽകുവാൻ പ്രാപ്തിയുള്ള സ്നേഹിതൻ ഞാൻ മാത്രമാണെന്നറിയുക. എന്നിൽനിന്നകന്നുകൊണ്ടും എന്നെ അകററിക്കൊണ്ടും കഴിഞ്ഞുകൂടിയപ്പോൾ സ്നേഹിക്കാനുള്ള നിൻെറ കഴിവിനെ നീ മരവിപ്പിക്കുകയായിരുന്നു. തന്നിമിത്തം നിൻെറ ഹൃദയം സ്നേഹശൂന്യമായിപ്പോയി. എന്നാൽ ഇനിയെങ്കിലും സ്നേഹ

ത്തിൽ വ്യാപരിക്കാനുദ്യമിക്കുക. "ജീവിത സായാഹ്നത്തിൽ സ്നേഹത്തിലാണു നീ പരീക്ഷിക്കപ്പെടുവാൻ പോകുന്നതെന്നോർക്കുക. അതിനാൽ സ്നേഹിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നതുപോലെ അവിടുത്തെ സ്നേഹിക്കാൻ നീ അഭ്യസിക്കുക.'' (വിശുദ്ധ യോഹന്നാൻ ക്രൂസ്.)

BIBLIOGRAPHY

1. **H. Mc Glynchy, S. D. B.**
   Commentary on the Hound of Heaven
   New Leader, Madras, 5–10–1947.

2. **Carroll B. Chilton**
   Article in the Catholic Encyclopedea on
   Thompson (Francis)

3. **Bishop Fulton J. Sheen, D. D.**
   Lift Up Your Hearts.

4. **Liam Brophy**
   Our Lady, Refuge of Singers
   Articlc in "Ave Maria" Indiana
   "Hound of Heaven" as a Retreat–Book
   Article in Canadian Messenger of the Sacred Heart.

5. **Blanche H. Crawford**
   Poet of the Return to God.
   The Apostolate, September 1957.

6. ഫാദർ ജെ. ഹില്ലാരിയോൻ,
   റ്റി. ഒ. സി. ഡി., എം. എ.
   ഫ്റാൻസിസ് തോംപ്സൺ.
   (ദീപിക ആഴ്ചപ്പതിപ്പ് 14–9–1952.)

7. **A. N. Parasuram, M. A.**
   Modern Poetry (Everyman's Guide) 1952.
   The Hound of Heaven.

8. **"Dowell"**
   E. S. D. Modern Poetry, 1959.
   The Hound of Heaven.

S. F. S. Press. (Deepika) Kottayam.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
9 NOV 1990		
19 NOV 1990		
2 DEC 1990		
22 DEC 1990		
9/8/91		
11 DEC 1991		
1 JAN '92		
19-1 93		
3 SEP 1994		
22 JUN 1996		
8 JUL 1996		
09/01/09		

DC Library
00034294
T61 T37


T61
T37